
പ്രതീക്ഷയുടെ
പൂമൊട്ടുകൾ
Pratheekshayude Poomottukal
വാല്യം 44 ലക്കം 3
വാർഷിക വരിസംഖ്യ ₹ 100
Vol 44 No. 3
Annual Subscription ₹100
പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
മാർച്ച് 2026

**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**



പരിശുദ്ധ അമ്മേ,
ദുഃഖകരമായ ജീവിതരഹസ്യങ്ങളിലൂടെ
തിരുക്കുമാരനോടൊപ്പം നീയും സഹനങ്ങളുടെ കാസ
മട്ടുവരെ കുടിച്ചുതീർത്തുവല്ലോ.
മാതാവേ,
ഞങ്ങളുടെ ജീവിതത്തിന്റെ ഇരുൾവഴികളിൽ,
സഹനങ്ങളിൽ, തീർച്ചയില്ലായ്മകളിൽ,
അങ്ങയോടും അങ്ങേ തിരുക്കുമാരനോടും ചേർന്ന്
ഉത്ഥാനമഹത്ത്വത്തിന്റെ
പ്രത്യാശയിലേക്ക് നടന്നടുക്കുവാൻ
ഞങ്ങളെയും സഹായിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 44 No. 3**

**വാല്യം 44 ലക്കം 3 നോമ്പുകാലം മാർച്ച് 2026**

**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)**

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**സീനാ ചക്കാലമുറ്റം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**സൗമ്യാ കാഞ്ഞിരക്കാട്ട് A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- പ്രാർത്ഥനയും ജീവിതവും 5
- ഓശാന 8
- ചേർത്തുപിടിക്കലാണ് സഹനം 12
- മർത്ത് മറിയം: രക്ഷകന്റെ അമ്മ 15
- ദൈവമക്കൾ അനാഥരല്ല; സനാഥരാണ് 19
- പാലകൻ 21
- പാതി കഴിച്ച പഫ്സ് 22
- യഹോയാക്കിം 24
- സെനക്കിൾ തരംഗം 27
- കാലൊന്നു മാറ്റിച്ചവിട്ടിയാലോ... 28
- അമ്മയോടൊപ്പം 30



എഡിറ്റോറിയൽ

# നോമ്പിന്റെ ചൈതന്യം

**ലോ**കത്തിന്റെ പല ഭാഗങ്ങളിലായി ഉരുണ്ടുകൂടിയിരുന്ന സ്വാർത്ഥതയും വിദ്വേഷവും ശത്രുതയും ഭീകരതയുമെല്ലാം മിസൈലുകളുടെയും ബോംബുകളുടെയും രൂപത്തിൽ പശ്ചിമേഷ്യയിൽ പേമാരിയായി വർഷിക്കപ്പെടുന്നു. രാഷ്ട്രീയ-സാമ്പത്തികശക്തിയായും മതരാഷ്ട്രവുമായുമൊക്കെ മാറാനുള്ള രാജ്യങ്ങളുടെ മത്സരങ്ങൾക്കിടയിൽ മനസ്സു മടുക്കുന്ന കുറേയേറെ സാധാരണ മനുഷ്യർ.... അവരുടെ മുറിവുകളുടെയും വേദനകളുടെയും കഷ്ടപ്പാടുകളുടെയും ദാരിദ്ര്യത്തിന്റെയും രോദനങ്ങൾ, അക്രമണങ്ങളുടെയും ആയുധങ്ങളുടെയും ആക്രോശങ്ങളുടെയും ബഹളങ്ങൾക്കിടയിൽ അമരുന്നു. എല്ലാ മനുഷ്യരുടെയും ആത്യന്തികമായ നന്മ കാംക്ഷിക്കുന്നതിനേക്കാളുപരി ചില സ്വാർത്ഥലക്ഷ്യങ്ങൾ നേടിയെടുക്കാൻ വെമ്പുന്ന സങ്കുചിത മനസ്സുകളുടെ പ്രവർത്തനഫലമാണീ യുദ്ധദുരന്തങ്ങൾ. വർഗീയശക്തികളുയർത്തുന്ന ‘മതരാഷ്ട്ര’ത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളുടെ പ്രതിധ്വനികൾ നമ്മുടെ നാട്ടിലും മുഴങ്ങുന്നുണ്ടെന്നതും ഒരു യാഥാർത്ഥ്യമാണ്.

നാമിപ്പോൾ വലിയ നോമ്പിന്റെ പുണ്യദിനങ്ങളിലൂടെ കടന്നുപോകുകയാണ്. സ്വന്തം രാജ്യത്തിന്റെ കെട്ടുറപ്പിനും നിലനില്പിനുംവേണ്ടി പരസ്പരം പടവെട്ടുന്ന നേതാക്കളും അണികളും അരങ്ങുതകർക്കുമ്പോൾ, സ്വന്തം രാജ്യത്തിന്റെ സംസ്ഥാപനത്തിനുവേണ്ടി വ്യത്യസ്തമായ മാർഗം കാണിച്ചുതരികയാണ് ദൈവപുത്രനായ ഈശോമിശിഹാ. ഇന്നിന്റെ നേതാക്കന്മാർ നശ്വരമായ സ്വന്തം രാജ്യത്തിനുവേണ്ടി മറ്റുള്ളവരുടെ ജീവനെടുക്കാൻ ശ്രമിക്കുമ്പോൾ, നേതാക്കന്മാരുടെ നേതാവും രാജാക്കന്മാരുടെ രാജാവുമായ മിശിഹാ, അനശ്വരമായ സ്വർഗരാജ്യം എല്ലാവരും കരഗതമാക്കുവാൻ സ്വന്തം ജീവൻ സമർപ്പിക്കുകയാണ് ചെയ്തത്. ഐഹികമല്ലാത്ത ആ രാജ്യത്തിലെ (യോഹ 18,36) അംഗങ്ങളാകേണ്ടതിനാണ് നാം ശ്രമിക്കേണ്ടത്. പ്രാർത്ഥനയും പശ്ചാത്താപവും മാനസാന്തരവും സ്നേഹജീവിതവുമെല്ലാം ആയുധങ്ങളാക്കി, അനശ്വരമായ സ്വർഗരാജ്യം നേടിയെടുക്കാൻ ഏവർക്കും സാധിക്കട്ടെ.

ചീഫ് എഡിറ്റർ

സെനക്കിൾ ആദ്ധ്യാത്മികത-107



# പ്രാർത്ഥനയും ജീവിതവും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**“നി**ങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ” എന്ന ആഹ്വാനത്തോടെയാണ് “സ്വർഗസ്ഥനായ പിതാവേ” എന്ന പ്രാർത്ഥന ഈശോ പഠിപ്പിക്കുന്നത്. തന്റെ ശിഷ്യഗണത്തോടു ചേർന്നു നിന്നുകൊണ്ടാണ് ഈശോ ഇതു പ്രാർത്ഥിക്കുന്നത്. “സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ” എന്നു ദൈവത്തെ സംബോധന ചെയ്യുമ്പോൾ മനുഷ്യനായി അവതരിച്ച ദൈവപുത്രൻ ‘ഞങ്ങൾ’ എന്ന കൂട്ടായ്മയുടെ ഭാഗമാണ്. ഈശോയുമായുള്ള ഈ കൂട്ടായ്മയുടെ ഭാഗമായിട്ടുമാത്രമേ മനുഷ്യരായ നമുക്ക് ദൈവത്തെ ‘പിതാവേ’ എന്നു വിളിക്കാനാവൂ. തനിച്ചു പ്രാർത്ഥിക്കുമ്പോഴും ഈ കൂട്ടായ്മയുടെ ഭാഗമാണെന്ന ബോദ്ധ്യത്തോടെ മാത്രമേ അർത്ഥവത്തായി പ്രാർത്ഥിക്കാനാവൂ. ഈശോ ദൈവത്തെ നിരവധി പ്രാവശ്യം ‘എന്റെ പിതാവ്’ എന്നും (മത്താ 7,21; 10,32-33;11,27;12,50) ‘നിങ്ങളുടെ പിതാവ്’ എന്നും (മത്താ 5,15.45-48; 6,1.4-6) വിളിക്കുന്നുണ്ട്. എന്നാൽ ‘ഞങ്ങളുടെ പിതാവേ’ എന്നുള്ള ബൈബിളിലെ ഏക പ്രയോഗമാണിത് എന്നത് ഈ പ്രാർത്ഥനയെ മറ്റേതു പ്രാർത്ഥനകളിൽനിന്നും വേറിട്ടു നിർത്തുന്നു. ഇതിലൂടെ ഈശോ തന്റെ പിതാവിനെ ശിശുസഹജമായ സ്നേഹത്തോടും ആശ്രയബോധത്തോടുംകൂടെ ‘പിതാവേ’ എന്നു വിളിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവം നമ്മെ സ്നേഹിക്കുന്ന പിതാവാണെന്ന അറിവ് നമുക്കു പ്രത്യാശ നല്കുന്നു. ദൈവപരിപാലനയെക്കുറിച്ച് അവബോധം നല്കുന്നു.

**വിശുദ്ധിയിലേക്കുള്ള വിളി**

“അങ്ങയുടെ നാമം പൂജിതമാകണം” എന്നതിന്റെ അർത്ഥം ദൈവത്തിന്റെ പരിശുദ്ധി ലോകം മുഴുവൻ അറിയണമെന്നതാണ്. ദൈവം തന്റെ പരിശുദ്ധി മനുഷ്യനു വെളിപ്പെടുത്തിയാൽമാത്രമേ മനുഷ്യന് അതു മനസ്സിലാക്കാൻ സാധിക്കൂ. ദൈവം തന്റെ പരിശുദ്ധി വെളിപ്പെടുത്തി തന്നത് ഒരു ദാനമായിട്ടാണ്. ദൈവം മോശയ്ക്ക് തന്റെ പരിശുദ്ധി വെളിപ്പെടുത്തുന്നതിപ്രകാരമാണ്: “അടുത്തു വരരുത്, നിന്റെ ചെരുപ്പ് അഴിച്ചുമാറ്റുക. എന്തുകൊണ്ടെന്നാൽ നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാണ്” (പുറ 3,5). ദൈവാലയത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് ചെരിപ്പ് അഴിച്ചുമാറ്റുന്നത് അവിടെ സന്നിഹിതനായിരിക്കുന്ന ദൈവത്തിന്റെ പരിശുദ്ധിയുടെ അംഗീകാരമാണ്. ദൈവം തന്റെ പരിശുദ്ധി നമുക്കു വെളിപ്പെടുത്തിയത് തന്റെ പുത്രനായ ഈശോമിശിഹായിലൂടെയാണ്. മിശിഹായുടെ ബലിയർപ്പണത്തിൽ നാം ആരംഭത്തിലും അവസാനത്തിലും കർതൃപ്രാർത്ഥന ചൊല്ലുമ്പോൾ “അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ

എന്ന് മാലാഖമാരും മനുഷ്യരും ഉദ്ഘോഷിക്കുന്നു" എന്നു ചൊല്ലുന്നത് ഇതിന്റെ സൂചനയാണ്. മിശിഹായുടെ ജീവിതമരണോത്ഥാനങ്ങളിലൂടെ നമുക്കു വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ പരിശുദ്ധി, വിശുദ്ധിയിലേക്കുള്ള നമ്മുടെ വിളി നമ്മെ അനുസ്മരിപ്പിക്കുന്നു.

**ദൈവരാജ്യവും ദൈവഹിതവും**

ദൈവരാജ്യം അഥവാ സ്വർഗരാജ്യം ദൈവം മനുഷ്യനു നല്കുന്ന ഒരു ദാനമാണ്. "സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നത് (മത്താ 4,17). മനുഷ്യൻ ജീവിതത്തിൽ മുൻഗണന നല്കേണ്ടത് ദൈവരാജ്യത്തിനും അതിന്റെ നീതിക്കുമാണെന്ന് ഈശോ എടുത്തുപറയുന്നു (മത്താ 6,33). 'ദൈവരാജ്യം' അഥവാ 'ദൈവഭരണം' ഒരു നവമായ സംവിധാനമാണ്. ഈ സംവിധാനത്തിലേക്കു കടന്നുവരുന്നവർ ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിക്കുന്നു. തിന്മയുടെ ശക്തികൾ പരാജയപ്പെടുന്ന ഒരു സ്ഥിതിവിശേഷമാണത്. ഈശോയുടെ സാന്നിദ്ധ്യത്തിലും ജീവിതത്തിലും അത് ആരംഭിക്കുന്നു. ദൈവത്തിന്റെ ഹിതം തങ്ങളുടെ പ്രവർത്തനങ്ങളുടെ മാനദണ്ഡമായി സ്വീകരിക്കുന്നവരുടെ സമൂഹമാണ് ദൈവരാജ്യം അഥവാ സ്വർഗരാജ്യം. ഓരോ മനുഷ്യനെക്കുറിച്ചുമുള്ള ദൈവത്തിന്റെ പദ്ധതിയും മനുഷ്യന്റെ ഹിതവും യോജിക്കുന്നിടമാണ് സ്വർഗം. ഇതെങ്ങനെയാണു സംഭവിക്കുകയെന്ന് ഈശോ നമുക്കു കാണിച്ചുതരുന്നുണ്ട്. ഈശോയുടെ ജീവിതത്തിൽ ഏറ്റവും നിർണായകമായത് തന്റെ ഹിതവും പിതാവിന്റെ ഹിതവും തമ്മിലുള്ള ഐക്യമാണ്. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ ഗദ്സമേൻ തോട്ടത്തിൽ പിതാവിനോട് ഉള്ളുരുകി പ്രാർത്ഥിക്കുമ്പോഴും അവിടുന്നു നമ്മെ പഠിപ്പിച്ച പ്രാർത്ഥനയാണ് അവിടുത്തെ അധരങ്ങളിൽനിന്നു പുറപ്പെട്ടത്: "എങ്കിലും എന്റെ ഹിതംപോലെയല്ല, അവിടുത്തെ ഹിതം പോലെയാകട്ടെ" (മത്താ 26,29). ഇപ്രകാരം നാം ദൈവഹിതത്തോടു ചേർന്നു ജീവിക്കുമ്പോഴാണ് ദൈവരാജ്യം നമ്മിൽ യാഥാർത്ഥ്യമാകുന്നത്.

**യാചനാപ്രാർത്ഥന**

ദൈവത്തിന്റെ മുമ്പിൽ മനുഷ്യനെ എളിമപ്പെടുത്തുന്നതും ദൈവത്തിലുള്ള ആശ്രയബോധം വളർത്തുന്നതുമാണ് യാചനാപ്രാർത്ഥന. മനുഷ്യൻ അദ്ധ്വാനംകൊണ്ട് ഭക്ഷണം സമ്പാദിക്കണമെന്ന് ദൈവം ആദത്തോടു പറയുന്നുണ്ട്. പാപം ചെയ്തതിനുശേഷം സംജാതമായ ഒരു അവസ്ഥയായിട്ടാണ് വിശുദ്ധഗ്രന്ഥം ഇതിനെ കാണുന്നത്: "മണ്ണിൽനിന്ന് എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും" (ഉൽപ 3,19). അവിടെയും അദ്ധ്വാനത്തിനു ഫലം തരുന്നത് ദൈവമാണെന്ന ആശയം അന്തർലീനമാണ്. നാം അദ്ധ്വാനിക്കുമ്പോഴും ഭക്ഷണം ദൈവത്തിന്റെ ദാനമാണ്. ഈ പ്രാർത്ഥനയ്ക്ക് ഒരു സാമൂഹികമാനമുണ്ട്. എനിക്കു നൽകണമേ എന്നല്ല ഞങ്ങൾക്കു നൽകണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. പക്വതയാർന്ന ഒരു പ്രാർത്ഥനയാണിത്. ഓരോ ദിവസത്തേക്കും ആവശ്യമുള്ളതിനുവേണ്ടിയുള്ള പ്രാർത്ഥന, സമൂഹത്തിന്റെ മുഴുവൻ ആവശ്യം മുന്നിൽകണ്ടുകൊണ്ടുള്ള പ്രാർത്ഥനയാണ്. ദൈവം ഇസ്രായേലിനു മന്നാ നൽകിയപ്പോൾ, ഓരോരുത്തരും ഓരോ ദിവസവും ഭക്ഷിക്കാനാവശ്യമായതുമാത്രമേ ശേഖരിക്കുമായിരുന്നുള്ളൂ (പുറ 16,15-21). മനുഷ്യൻ ദൈവപരിപാലനയിലാശ്രയിക്കുന്നതിനുവേണ്ടിയാണിത്.

**ക്ഷമിക്കുന്ന സ്നേഹം**

ദൈവം കാരുണ്യത്തിന്റെ ദൈവമാണ്. തെറ്റു ചെയ്യുന്നവരോട് അവിടുന്നു ക്ഷമിക്കുന്നു. അവിടുത്തെ മക്കളായ നാമും മറ്റുള്ളവരോടു ക്ഷമിക്കണം എന്ന് അവിടുന്ന് ആവശ്യപ്പെടുന്നു. ദൈവത്തിനെതിരായി തെറ്റു ചെയ്ത നമുക്ക് അവിടുന്നുമായി രമ്യതയിലെത്താൻ കഴിയാതിരു

ന്നതിനാൽ, ദൈവം തന്റെ പുത്രനെ അയച്ച് രമ്യതയുടെ ശുശ്രൂഷ പൂർത്തിയാക്കി. ഇവിടെയാണ് കുരിശിന്റെ രഹസ്യം നാം മനസ്സിലാക്കുക. തെറ്റുകൾ ക്ഷമിക്കുന്നതിനും ആന്തരിക സൗഖ്യം നൽകുന്നതിനും ദൈവത്തിനു തന്റെ പുത്രനെ മരണത്തിനു വിട്ടുകൊടുക്കേണ്ടിവന്നു. മനുഷ്യൻ സഹോദരനോടു ക്ഷമിക്കുമ്പോൾ അവനും ത്യാഗത്തിന്റെ പാതയിലൂടെ ചരിക്കേണ്ടിവരും. ദൈവപുത്രൻ പാപികളുടെയടുക്കലേക്ക് ഇറങ്ങിവന്നതുപോലെ ക്ഷമിക്കുന്നവൻ തനിക്കെതിരേ തിന്മ ചെയ്യുന്നവന്റെ പക്കലേക്ക് ഇറങ്ങിച്ചെല്ലേണ്ടിയിരിക്കുന്നു. അതാണ് രമ്യതയിലെത്താൻ പിതാവു കാണിച്ചുതരുന്ന മാർഗം.

**പ്രലോഭനത്തെ ജയിക്കുക**

മനുഷ്യന്റെ ജീവിതത്തിൽ പല തരത്തിലുള്ള കഷ്ടപ്പാടുകളുണ്ടാകും. സഹനം, ദാരിദ്ര്യം, മതപീഡനം, രക്തസാക്ഷിത്വം എന്നിങ്ങനെ ഏതെങ്കിലുമൊക്കെ മനുഷ്യനു പരീക്ഷണമായി വരാം. ജോബിന്റെ പ്രലോഭനങ്ങൾ ജോബിനെക്കൊണ്ട് ദൈവത്തെ തള്ളിപ്പറയിപ്പിക്കുന്നതിനുള്ള സാത്താന്റെ പരിശ്രമങ്ങളായിരുന്നു. ജോബ് ആ പ്രലോഭനത്തിലുൾപ്പെടാതെ ദൈവം കാത്തു. ഈശോയ്ക്കുണ്ടായ പ്രലോഭനങ്ങൾ സുന്ദരമായ വാഗ്ദാനങ്ങളിൽ സ്വയം മറന്ന് ദൈവഹിതത്തിൽനിന്നും അവിടുത്തെ അകറ്റുവാനുള്ള സാത്താന്റെ പരിശ്രമങ്ങളായിരുന്നു. ഇവിടെ, മനുഷ്യനായി അവതരിച്ച ഈശോ മനുഷ്യരായ നമുക്കുവേണ്ടി പ്രലോഭകനെ പരാജയപ്പെടുത്തുകയായിരുന്നു. പ്രലോഭനങ്ങളെ ജയിക്കാനുള്ള ശക്തി ദൈവത്തിന്റെ ദാനമാണ്. പ്രലോഭനത്തിൽ ഉൾപ്പെടുത്തുക എന്നു പറഞ്ഞാൽ, പ്രലോഭനത്തിലൂടെ മനുഷ്യനെ ദൈവത്തിൽനിന്നകറ്റി ദൈവരാജ്യം നഷ്ടപ്പെടുത്തുക എന്നാണ്. ദൈവപുത്രനായ ഈശോ തന്റെ പുത്രത്വത്തിൽ നിലനിന്ന് പ്രലോഭനങ്ങളെ പരാജയപ്പെടുത്തിയതുപോലെ നമുക്കും നല്കപ്പെട്ട ദൈവപുത്രത്വത്തിൽ നിലനില്ക്കുവാൻ കഴിയണം.


**ദുഷ്ടനിൽനിന്നും രക്ഷപെടുക**

ദുഷ്ടശക്തികളിൽനിന്നു രക്ഷനേടാനുള്ള കഴിവ് മനുഷ്യനില്ല. അതിനുള്ള ശക്തിയും കൃപയും ദൈവത്തിൽനിന്നു ലഭിക്കേണ്ടതായിട്ടുണ്ട്. ദുഷ്ടൻ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ദുഷ്ടശക്തിയെയാണ്. ഈ ദുഷ്ടശക്തി സാത്താനാണെന്ന് ഇവിടെ വ്യക്തമായി പറയുന്നില്ലെങ്കിലും അതാണെന്നാണ് വ്യാഖ്യാതാക്കൾ പറയുന്നത്. ദുഷ്ടശക്തികളിൽനിന്നാണ് പ്രലോഭനം ഉടലെടുക്കുന്നതെങ്കിൽ, അത്തരത്തിലുള്ള പ്രലോഭനങ്ങളിൽനിന്ന് തങ്ങളെ രക്ഷിക്കണമേയെന്നു യാചിക്കാനാണ് തന്റെ ശിഷ്യരോട് ഈശോ ആവശ്യപ്പെട്ടിരിക്കുന്നത്.

**ഉപസംഹാരം**

ഈശോ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയാണ് കർതൃപ്രാർത്ഥന. ഈ പ്രാർത്ഥനയുടെ ആദ്യപകുതിയിൽ ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിനായുള്ള മൂന്ന് അപേക്ഷകളും, രണ്ടാമത്തെ പകുതിയിൽ മാനുഷിക ആവശ്യങ്ങളെ പരാമർശിക്കുന്ന നാല് അപേക്ഷകളുമുണ്ട്. ദൈവത്തിന് ഈ ലോകത്തെയും ലോകജനതയെയും കുറിച്ചുള്ള പദ്ധതിയുടെ പൂർത്തീകരണമാണ് ഈ പ്രാർത്ഥനയുടെ വിഷയം. സുവിശേഷങ്ങൾ എഴുതപ്പെടുന്നതിനുമുമ്പേ കർതൃപ്രാർത്ഥന നിലവിലുണ്ടായിരുന്നു. ക്രൈസ്തവർ തങ്ങളുടെ സഭാസമൂഹങ്ങളിൽ ഉപയോഗിച്ചിരുന്ന പ്രാർത്ഥനയാണ് സുവിശേഷകന്മാർ തങ്ങളുടെ സുവിശേഷത്തിൽ ചേർത്തത്. ഈ പ്രാർത്ഥന ആദിമക്രൈസ്തവസമൂഹത്തിന്റെ ജീവിതത്തിന്റെ പ്രതിഫലനമാണ്. അതുകൊണ്ട്, ഇന്നു നാം ഈ പ്രാർത്ഥന ചൊല്ലുമ്പോൾ അതു നമ്മുടെ ക്രൈസ്തവജീവിതത്തിന്റെ പ്രതിഫലനമായിത്തീരണം. അപ്രകാരം യഥാർത്ഥമായ ക്രൈസ്തവജീവിതം നയിക്കുവാൻ കർതൃപ്രാർത്ഥന നമുക്കു പ്രചോദനമായിത്തീരട്ടെ.

# ഓശാന



**റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
**കാഞ്ഞിരപ്പള്ളി രൂപത**

“*അവർ ജറുസലെമിനെ സമീപിക്കവേ, ഒലിവുമലയ്ക്കരികെയുള്ള ബഥ്ഫഗെയിലെത്തി. അപ്പോൾ ഈശോ തൻെറ രണ്ടു ശിഷ്യന്മാരെ ഇപ്രകാരം നിർദേശിച്ചയച്ചു: എതിരേ കാണുന്ന ഗ്രാമത്തിലേക്കു പോകുവിൻ. അവിടെ ഒരു കഴുതയെയും അടുത്ത് അതിന്റെ കുട്ടിയെയും കെട്ടിയിരിക്കുന്നത് ഉടനെ നിങ്ങൾ കാണും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരുക. ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും ചോദിച്ചാൽ, കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ടെന്നു പറയുക, അവൻ ഉടനെ തന്നെ അവയെ വിട്ടുതരും. പ്രവാചകൻവഴി പറയപ്പെട്ട വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്. സീയോൻപുത്രിയോടു പറയുക: ഇതാ, നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിന്റെ അടുത്തേക്കു വരുന്നു. ശിഷ്യന്മാർപോയി ഈശോ കൽപിച്ചതുപോലെ ചെയ്തു. അവർ കഴുതയെയും കഴുതക്കുട്ടിയെയുംകൊണ്ടു വന്ന് അവയുടെമേൽ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറി ഇരുന്നു. ജനക്കൂട്ടത്തിൽ വളരെപ്പേർ വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു; മറ്റു ചിലരാകട്ടെ വൃക്ഷങ്ങളിൽനിന്നു ചില്ലകൾ മുറിച്ച് വഴിയിൽ നിരത്തി. ഈശോയ്ക്കു മുമ്പിലും പിമ്പിലും നടന്നിരുന്ന ജനങ്ങൾ ആർത്തു വിളിച്ചു: ദാവീദിന്റെ പുത്രനു ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! ഉന്നതങ്ങളിൽ ഹോസാന!*” (മത്താ 21,1-10).

‘ഹോസാന’ എന്ന ആർപ്പുവിളി ‘കർത്താവേ രക്ഷിക്കണേ’ എന്ന പ്രാർത്ഥനയാണ്. ഞങ്ങളോടു കരുണ തോന്നണമേ എന്ന അപേക്ഷയാണിത്. ഹോസാന എന്ന വാക്കിനർത്ഥം കർത്താവേ രക്ഷിക്കണേ എന്നാണെങ്കിൽ ഒരാളുടെ മുമ്പിൽ ഓശാന എന്നു പ്രഘോഷിക്കുമ്പോൾ അത് ആ വ്യക്തിക്കു നൽകുന്ന ബഹുമാനവും ആദരവുമാണ് പ്രകടമാക്കുന്നത്. ലോകം

മുഴുവൻ ദൈവകാരുണ്യത്തിനായി യാചിക്കുന്ന പ്രത്യേക ജീവിതപശ്ചാത്തലമാണിന്നുള്ളത്. പലപ്പോഴും അത് വെറും രക്ഷയ്ക്കായുള്ള യാചനാപ്രാർത്ഥന മാത്രമായിത്തീരുന്നു. ദൈവതിരുമുമ്പിൽ കരുണയ്ക്കായുള്ള നിലവിളി അവിടുത്തേക്കുള്ള ആദരവും ആരാധനയുമായി ഭവിക്കണം. അതിനാൽ നമ്മുടെ കുർബാനയിൽ ഹോസാനഗീതം, ദൈവസന്നിധിയിലുള്ള മാലാഖമാരുടെ 'പരിശുദ്ധൻ' എന്ന പ്രകീർത്തനത്തോടൊപ്പമാണ് നാം ആലപിക്കുന്നത്. ഈ ഗീതം ഈശോയുടെ പരസ്യജീവിതത്തിലെ ജറൂസലേം പ്രവേശനത്തെയല്ല, സ്വർഗീയ ആരാധനയെയാണ് സൂചിപ്പിക്കുന്നത്. അവിടെയുള്ള വൈദികപ്രാർത്ഥന അതു വ്യക്തമാക്കുന്നുണ്ട്.

ജനം ഹോസാന പാടി പ്രാർത്ഥിച്ചത് ദാവീദിന്റെ പുത്രനോടാണ്. ദാവീദിന്റെ വംശത്തിൽനിന്ന് ഒരു രക്ഷകൻ വരുമെന്ന ദൈവവാഗ്ദാനത്തെ യുഗങ്ങളായി കാത്തിരുന്ന ജനത ഈശോയിൽ ഈ രക്ഷകനെ കണ്ട് അവരുടെ വിശ്വാസം ഏറ്റുപറയുകയാണിവിടെ. വാഗ്ദാനം ചെയ്യപ്പെട്ടവൻ ഈശോമിശിഹായാണ് എന്നുള്ള വിശ്വാസത്തോടെയാണവർ അപേക്ഷിക്കുന്നത്. നിലവിളിയോടും ആർപ്പുവിളികളോടുംകൂടെ വിശ്വാസം പ്രഘോഷിക്കുന്നതോടൊപ്പം അവർ ചില പ്രതീകാത്മക പ്രവൃത്തികളും നടത്തുന്നുണ്ട്.

**1.** ഈശോയുടെ നിർദ്ദേശമനുസരിച്ച് അവർ **കഴുതയെയും കഴുതക്കുട്ടിയെയും കൊണ്ടുവന്നു**. വിശ്വാസികളുടെ പിതാവായ അബ്രാഹം തന്റെ ബലിക്കാവശ്യമായ വസ്തുക്കളുമായി മോറിയാ മലമുകളിലേക്കു പോയത് കഴുതപ്പുറത്താണ്. പ്രവാചകനായ ബാലാം ബാലാക്കിന്റെ സേവകരോടൊപ്പം യാത്രയായത് കഴുതപ്പുറത്താണ്. ഈ കഴുതയാണ് അവനെ ദൈവദൂതന്റെ വാളിൽനിന്നു രക്ഷിച്ചത് (സംഖ്യ 22).

ഈശോ കഴുതപ്പുറത്തു വരുമ്പോൾ സഖറിയായുടെ പ്രവചനം 9,9 പൂർത്തികരിക്കപ്പെടുകയാണ്: "സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക. ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്കു വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറിവരുന്നു". ഇസ്രായേലിലെ പ്രതാപവാനായ ദാവീദുരാജാവിന്റെ കഴുതയും ഇവിടെ പ്രതീകമായിത്തീരുന്നു. ഏറ്റം വിവേകവതിയായ രാജാവായിരുന്ന സോളമൻ രാജത്വം ഏറ്റെടുക്കാൻ വന്നത് കഴുതപ്പുറത്താണ് (1 രാജാ 1,38). കർത്താവിന്റെതന്നെ വാക്കുകളിൽ 'സോളമനേക്കാൾ വലിയവനായി, ദാവീദിന്റെ പുത്രനായി' വന്ന രക്ഷകനും രാജാവുമായ ഈശോയെ മനോഹരമായി ഈ സംഭവം വെളിപ്പെടുത്തുന്നു. ന്യായാധിപന്മാരുടെ അഞ്ചാമധ്യായം പത്താം വാക്യത്തിൽ ചെങ്കഴുതപ്പുറത്തു സവാരിചെയ്യുന്നത് പ്രതാപത്തിന്റെയും മഹത്ത്വത്തിന്റെയും അടയാളമാണ് എന്നു പറയുന്നു. പ്രതാപവാനായ യൂദായുടെയും യൂദായിൽനിന്നു വരാനിരിക്കുന്ന മഹത്ത്വപൂർണ്ണനായവന്റെയും അടയാളങ്ങളിലൊന്ന് കഴുതയാണ് (ഉൽപ 49,8). പഴയനിയമ രാജാക്കന്മാരുടെയിടയിൽ കഴുതപ്പുറത്തു യാത്രചെയ്യുന്നത് സമാധാനത്തിന്റെ അടയാളമാണ്. ഈശോ പ്രത്യേകം ശ്ലീഹന്മാരെ നിയോഗിച്ച് കഴുതയെ കൊണ്ടുവന്ന് അതിൽ യാത്രചെയ്യുമ്പോൾ പഴയനിയമ പ്രവചനങ്ങളും ദർശനങ്ങളും ഇവിടെ തന്നിൽ പൂർത്തിയാക്കപ്പെടുന്നു എന്നു വ്യക്തമാക്കുകയാണ്.

**2. കഴുതപ്പുറത്ത് വസ്ത്രങ്ങൾ വിരിച്ചു.** 2 രാജാ 9,13 ൽ ഇപ്രകാരം വായിക്കുന്നു: "അവർ തിടുക്കത്തിൽ തങ്ങളുടെ മേലങ്കി പടിയിൽ വിരിച്ചിട്ട് കാഹളം മുഴക്കി വിളംബരം ചെയ്തു: യേഹും രാജാവായിരിക്കുന്നു". മഹത്ത്വത്തിന്റെയും രാജത്വത്തിന്റെയും അടയാളമായിട്ടാണ്

വസ്ത്രം വിരിക്കുന്നത്. നമ്മുടെ സംസ്കാരത്തിലും ഇരിപ്പിടങ്ങളിൽ വസ്ത്രം വിരിക്കുന്നത് അതിൽ ഉപവിഷ്ടനാകുന്ന വ്യക്തിയുടെ മഹത്ത്വത്തെ സൂചിപ്പിക്കുന്നതിനാണ്.

**3. വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു.** മനുഷ്യൻ ആദ്യം വസ്ത്രങ്ങൾ എടുത്തണിഞ്ഞത് ഉൽപത്തി 3,7 ൽ വിവരിക്കുന്നു. ദൈവകൽപന ലംഘിച്ച മനുഷ്യർ തങ്ങൾ നഗ്നരാണെന്ന് അറിഞ്ഞ് അത്തിയിലകൾ കൂട്ടിത്തുന്നി അരക്കച്ചയുണ്ടാക്കി, എന്നാൽ അതവരുടെ ലജ്ജയെ ആവരണം ചെയ്യാൻ കഴിയുന്ന വസ്ത്രമായിരുന്നില്ല. ആകയാൽ ദൈവമായ കർത്താവ് തോലുകൊണ്ട് ഉടയാടയുണ്ടാക്കി ആദത്തെയും അവന്റെ ഭാര്യയെയും ധരിപ്പിച്ചു (ഉൽപ 3,21). വഴിയരുകിലിരുന്ന കുരുടനെ കർത്താവ് വിളിക്കുമ്പോൾ അവൻ പുറങ്കുപ്പായം ദൂരെയെറിഞ്ഞ്, കുതിച്ചുചാടി ഈശോയുടെ അടുത്തെത്തി (മർക്കോ 10,50). ലാസറിനെ ഉയിർപ്പിക്കുന്ന സംഭവത്തിൽ കച്ചകൾ കൊണ്ടുള്ള ലാസറിന്റെ കെട്ടുകളഴിക്കാൻ ഈശോ ആവശ്യപ്പെടുന്നുണ്ട്. വസ്ത്രത്തിൽ പൊതിയപ്പെടുന്നത്, കച്ചകളുടെ ബന്ധനങ്ങളിലാകുന്നത് മരിക്കുന്നവരാണ്. ഉത്ഥിതനായ ഈശോയുടെ കല്ലറയിൽ, അവിടുത്തെ സംസ്കാരവേളയിൽ പൊതിഞ്ഞിരുന്ന കച്ച ചുരുട്ടിവച്ചിരുന്നു എന്ന സാക്ഷ്യവും ഇക്കാര്യം നമുക്കു വെളിപ്പെടുത്തിത്തരുന്നു. ഈ തിരുവചനങ്ങളോടു ചേർത്തു ചിന്തിക്കുമ്പോൾ ജനം തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ച് 'ഹോസാന' എന്ന് വിളിച്ചു പറയുന്നതിന്റെ അർത്ഥമെന്തെന്ന് വ്യക്തമാകുന്നു. അമ്പതുനോമ്പിന്റെ ചൈതന്യത്തിൽ ഉപവാസവും പ്രാർത്ഥനയും അനുതാപവുംവഴി, പാപത്തിന്റെ ഫലമായി അണിഞ്ഞിരിക്കുന്ന മേൽകുപ്പായങ്ങളെ അവിടുത്തെ മുമ്പിലർപ്പിച്ച് അപേക്ഷിക്കുന്ന ഏതൊരുവനോടും അവിടുന്നു കരുണകാണിക്കും; അവനെ വീണ്ടെടുക്കും; അവന് കൃപാവരത്തിന്റെ അനശ്വരവസ്ത്രം സമ്മാനിക്കും. മാമോദീസായിൽ സംലഭ്യമായ വിശുദ്ധവസ്ത്രം വീണ്ടും അണിയുവാൻ അവസരം ലഭിക്കും. ആദിമനുഷ്യരെ തോലുകൊണ്ടുള്ള ഉടയാട അണിയിച്ചെങ്കിൽ, ലോകത്തിന്റെ പാപം വഹിക്കുന്ന കുഞ്ഞാടായി സ്വയം തീർന്നുകൊണ്ട്, കാൽവരിയിൽ വച്ച് ഉരിഞ്ഞെടുക്കപ്പെട്ട ആ കുഞ്ഞാടിന്റെ തോലുകൊണ്ട് അവിടുന്ന് നമ്മെ മഹത്ത്വത്തിന്റെ വസ്ത്രമണിയിച്ചു.

**4. വൃക്ഷങ്ങളിൽ നിന്ന് ചില്ലകൾ മുറിച്ച് വഴിയിൽ നിരത്തി:** ആദിപാപഹേതു 'മരത്തിന്റെ ഫല'മെന്ന പ്രതീകത്തിലൂടെയാണ് മനുഷ്യനെ സമീപിച്ചത്. ജീവന്റെ വൃക്ഷത്തിൽനിന്നുകൂടി ഭക്ഷിക്കാതിരിക്കാനാണ് പറുദീസായിൽ നിന്നവർ പുറത്താക്കപ്പെട്ടത്. ദൈവപുത്രൻ മരത്തിന്മേൽ തറയ്ക്കപ്പെട്ടാണ് മനുഷ്യപാപഫലം നീക്കിയത്. ജീവന്റെ വൃക്ഷത്തിന്മേൽ അവകാശം ലഭിക്കാനും കവാടത്തിലൂടെ നഗരത്തിലേക്കു പ്രവേശിക്കാനും തങ്ങളുടെ അങ്കികൾ കഴുകി ശുദ്ധരാക്കുന്നവർ ഭാഗ്യവാന്മാർ (വെളി 22,14) എന്ന സന്തോഷത്തിന്റെ സദ്‌വാർത്തയുമായാണ് വിശുദ്ധഗ്രന്ഥം സമാപിക്കുന്നത്. ജനം വൃക്ഷചില്ലകൾ മുറിച്ച് വഴിയിൽ നിരത്തി, പാപവിമോചക ബലിയർപ്പണത്തിനായി നിത്യപുരോഹിതനും ബലിവസ്തുവും കുഞ്ഞാടുമായ ഈശോയെ ജറുസലേം ദൈവാലയത്തിലേക്ക് എതിരേൽക്കുമ്പോൾ രക്ഷാപദ്ധതി എത്രയോ വ്യക്തമായി അനാവരണം ചെയ്യപ്പെടുന്നു! ദൈവത്തിൽനിന്ന് മനുഷ്യനെ അകറ്റാൻ ആദിയിൽ വൃക്ഷത്തിന്റെ ഫലം കാരണമായെങ്കിൽ ഇവിടെ വൃക്ഷചില്ലകൾ ആ പാപനിവാരണത്തിനായി എത്തിയവനെ എതിരേൽക്കാൻ ജനം കൈകളിലേന്തുന്നു. വിശുദ്ധരുടെ പ്രതിഫലത്തെ വിവരിക്കുമ്പോൾ വെളിപാട് 7,9 ഇപ്രകാരം പറയുന്നു: "ഇതാ എണ്ണിത്തിട്ടപ്പെടുത്താൻ ആർക്കും സാധിക്കാത്ത ഒരു വലിയ ജനക്കൂട്ടം. അവർ സകല ജനതകളിലും ഗോത്രങ്ങളിലും രാജ്യങ്ങളിലും ഭാഷകളിലും നിന്നുള്ളവർ. അവർ

വെള്ളയങ്കിയണിഞ്ഞു കൈകളിൽ കുരുത്തോലയുമായി സിംഹാസനത്തിനുമുമ്പിലും കുഞ്ഞാടിന്റെ മുമ്പിലും നിന്നിരുന്നു".

കൂടാരത്തിരുന്നാളാഘോഷങ്ങളോടനുബന്ധിച്ച് തിരുവചനം പറയുന്നു: "ഒന്നാം ദിവസം ഭംഗിയുള്ള പഴങ്ങളും ഈന്തപ്പനയോലയും ഇലതൂർന്ന ചില്ലകളും ആറ്റരളിക്കൊമ്പുകളും എടുക്കണം. നിങ്ങളുടെ ദൈവമായ കർത്താവിന്റെ സന്നിധിയിൽ ഏഴുദിവസം സന്തോഷിച്ചാഹ്ലാദിക്കണം". കൂടാരത്തിരുന്നാൾ എന്തിനായിരുന്നു എന്നുകൂടി നാമറിയണം. തിരുവചനത്തിൽ നാം വായിക്കുന്നു: "ഈജിപ്തുദേശത്തുനിന്നു ഞാൻ ഇസ്രായേൽജനത്തെ കൊണ്ടുവന്നപ്പോൾ അവർ കൂടാരങ്ങളിലാണു വസിച്ചത് എന്ന് നിങ്ങളുടെ സന്തതിപരമ്പര അറിയാൻ ഇസ്രായേൽക്കാരെല്ലാവരും കൂടാരങ്ങളിൽ വസിക്കണം. ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ്" (ലേവ്യർ 23,40.43). ഹോസാന വിളികൾക്ക് മരച്ചില്ലകളേന്തുമ്പോൾ മരത്താലെ വന്ന പാപമാണ് ദൈവപുത്രന്റെ പീഡാനുഭവത്തിനും മരത്തിന്മേലുള്ള അവിടുത്തെ മരണത്തിനും കാരണമെന്ന് നാം ഓർമ്മിക്കണം. അതു നമുക്ക് പാപത്തിൽനിന്നും പാപസാഹചര്യങ്ങളിൽനിന്നും അകലുവാൻ കാരണമായി ഭവിക്കണം.

***"സദാ അന്ത്യത്തെ സ്മരിക്കുക; നഷ്ടപ്പെട്ട സമയം തിരികെ കിട്ടാത്തതിനാൽ ആകുലതയും ഉത്സാഹവുംകൂടാതെ നിനക്കു പുണ്യങ്ങൾ സമ്പാദിക്കുവാൻ കഴിയുകയില്ല."*** (മിശിഹാനുകരണം)


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER PRATHEEKSHAYUDE POOMOTTUKAL**

**Form - IV**

| | |
|---|---|
| 1. Place of Publication | : Manganam, Spirituality Centre; Manganam P.O., Kottayam |
| 2. Periodicity of Publication | : Monthly |
| 3. Printer's Name | : Shiny Andrews Muthuplackal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 4. Publisher's Name | : Shiny Andrews Muthuplackal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 5. Editor's Name | : Fr. Mathew Vellanickal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |



# തള്ളിപ്പറയലല്ല ചേർത്തുപിടിക്കലാണ് സഹനം

സുജ ചോതിരക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഈശോയുടെ നെഞ്ചോടു ചേരുമ്പോൾ നമുക്കനുഭവപ്പെടുന്ന ആത്മീയചൂടിന്റെ പേരാണ് 'സഹനം'.**

'**സ**ഹനം' എന്ന വാക്ക് പലപ്പോഴും വേദനയുടെയും നഷ്ടത്തിന്റെയും നിഴലിലാണ് നാം കാണുന്നത്. സഹനം എന്നത് കണ്ണീരും ഭാരവുംമാത്രം നിറഞ്ഞ ഒന്നാണെന്ന തെറ്റുധാരണ നമ്മിൽ പലർക്കുമുണ്ട്. എന്നാൽ നോമ്പുകാലം നമ്മെ പഠിപ്പിക്കുന്ന സഹനം അതിൽനിന്നു വളരെ വ്യത്യസ്തമാണ്. അത് കേവലമൊരു വേദനയല്ല; മറിച്ച്, ഈശോ തന്റെ നെഞ്ചോടുചേർത്ത് നമ്മെ ചുംബിക്കുമ്പോൾ അനുഭവപ്പെടുന്ന ഒരു ആത്മീയചൂടാണ്.

നോമ്പുകാലം നമ്മെ കുരിശിലേക്കു മാത്രമല്ല, കുരിശിൽ തറയ്ക്കപ്പെട്ട ഈശോയുടെ ഹൃദയത്തിലേക്കുമാണു നയിക്കുന്നത്. ആ ഹൃദയം വേദനയാൽ പിളർന്നതാണെങ്കിലും, സ്നേഹത്താൽ നിറഞ്ഞതാണ്. അവിടെ നാം അനുഭവിക്കുന്നത് ശിക്ഷയല്ല, സംരക്ഷണമാണ്. തള്ളിപ്പറയൽ അല്ല, ചേർത്തുപിടിക്കൽ ആണ്. ഈ ചേർത്തുപിടിക്കലിലാണ് സഹനം ഒരു അനുഗ്രഹമായി മാറുന്നത്.

ഈശോയുടെ നെഞ്ചോടുചേർന്നു നിൽക്കുമ്പോൾ, നമ്മുടെ ജീവിതത്തിലെ വേദനകൾക്ക് പുതിയ അർത്ഥം ലഭിക്കുന്നു. അപ്പോൾ പരാജയങ്ങളും അപമാനങ്ങളും രോഗങ്ങളും നിരാശകളും ശൂന്യമായ വേദനകളായി തോന്നില്ല. അവ സ്നേഹത്തിലൂടെ കടന്നുപോകുന്ന വഴികളായി മാറുന്നു. ഈശോ നമ്മോടു പറയുന്നത് ഇതാണ്: നീ ഒറ്റയ്ക്കല്ല. നിന്റെ വേദന ഞാൻ അറിയുന്നു. അത് എന്റെ ഹൃദയത്തിൽ ഇടംപിടിച്ചിരിക്കുന്നു. ഈ ഉറപ്പാണ് സഹനത്തിന്റെ ചൂട്.

നോമ്പുകാലം നമ്മെ സ്വയം നിഷേധിക്കാൻ പഠിപ്പിക്കുന്നു. എന്നാൽ അത് ജീവിതത്തെ നിഷേധിക്കുന്ന ഒരു നിഷേധമല്ല. മറിച്ച്, ഈശോയിൽ കൂടുതൽ ചേർന്നുനിൽക്കാനുള്ള ഒരു അവസരമാണ്. ചില ഇഷ്ടങ്ങൾ ഉപേക്ഷിക്കുമ്പോഴും ചില സൗകര്യങ്ങളിൽനിന്നു വിട്ടുനിൽക്കുമ്പോഴും നാം അനുഭവിക്കുന്ന ശൂന്യതയിൽ ഈശോ നിറയുകയാണ്. ആ നിറവുതന്നെയാണ് സഹനത്തിന്റെ മധുരം.

കുരിശിന്റെ ചുവട്ടിൽ നിന്നുകൊണ്ട് ഈശോയുടെ ഹൃദയമിടിപ്പ് കേൾക്കുന്ന ഒരാൾക്ക് സഹനം ഭാരമായി തോന്നില്ല. കാരണം അവിടെ സ്നേഹം സംസാരിക്കുന്നു. വേദനയ്ക്കുള്ളിൽ പ്രത്യാശയും, കണ്ണീരിനുള്ളിൽ ആശ്വാസവും, മൗനത്തിനുള്ളിൽ ദൈവസാന്നിധ്യവും നാം തിരിച്ചറിയുന്നു. ഇതാണ് നോമ്പുകാലത്തിന്റെ വലിയ ദാനം. അതിനാൽ സഹനം എന്നത് ഭാരം വഹിക്കലല്ല; ഈശോയുടെ നെഞ്ചോടുചേർന്നു നിൽക്കാനുള്ള ധൈര്യമാണ്; നമ്മുടെ വേദനകൾ ഒളിപ്പിച്ചുവയ്ക്കാതെ എല്ലാം തിരുമുമ്പിൽ തുറന്നുകാണിക്കാനുള്ള വിശ്വാസമാണ്. ആ വിശ്വാസത്തിൽനിന്നാണ് ആത്മീയചൂട് ഒഴുകുന്നത്.

സഹനം ശബ്ദമില്ലാത്തൊരു ഭാഷയാണ്. അതു കരച്ചിലായി പൊട്ടിത്തെറിക്കില്ല, പ്രതിഷേധമായി ഉയരുകയുമില്ല. പകരം, ഹൃദയത്തിന്റെ ആഴങ്ങളിൽ നിശബ്ദമായി ഒഴുകുന്ന ഒരു പ്രാർത്ഥനയായി അതു നിലകൊള്ളുന്നു. ജീവിതം പലപ്പോഴും നമ്മെ നയിക്കുന്നത് നാം ആഗ്രഹിക്കുന്ന വഴികളിലൂടെയല്ല. നാം ആഗ്രഹിക്കാത്ത കുരിശുകൾ അപ്രതീക്ഷിതമായി ചുമലിലേറുന്നു. അവിടെ മനുഷ്യൻ രണ്ടു വഴികളിൽ നിൽക്കുന്നു: ഒന്ന്, പരാതിയുടെ വഴിയിൽ; മറ്റൊന്ന്, സഹനത്തിന്റെ വഴിയിൽ. സഹനം ബലഹീനരുടെ ആയുധമല്ല. അത് ശക്തരുടെ രഹസ്യശക്തിയാണ്. വേദനയുടെ നടുവിൽ മനസ്സ് തകർന്നുപോകാതെ ദൈവത്തിൽ മറയപ്പെടാനുള്ള അഭ്യസനമാണ് സഹനം.

നോമ്പുകാലം നമ്മിലെ ശൂന്യതയിലേക്കു വിരൽചൂണ്ടുന്നു. അത് അഹങ്കാരത്തിന്റെ ശൂന്യതയാണ്, സ്വാർത്ഥതയുടെ ശൂന്യതയാണ്, സ്വയം ന്യായീകരണത്തിന്റെ ശൂന്യതയാണ്. ഈ ശൂന്യതയിൽ സഹനം മുളച്ചുവരുമ്പോൾ ഹൃദയം ദൈവസന്നിധിയാലാകുന്നു. വിശുദ്ധരുടെ ജീവിതത്തിൽ സഹനം ഒരു അലങ്കാരമായിരുന്നില്ല, അത് അവരുടെ വഴിയായിരുന്നു. വേദനയെ അവർ ശപിച്ചില്ല; അത് അവർ ദൈവത്തിനു സമർപ്പിച്ചു. അതിനാലാണ് അവരുടെ കണ്ണീരിൽ വിശുദ്ധിയുടെ പ്രകാശം ഉണ്ടായിരുന്നത്.

സഹനം പലപ്പോഴും നമ്മിൽ മാറ്റങ്ങൾ വരുത്തുന്നില്ലെന്നു തോന്നാം, പക്ഷേ അതാണ് നമ്മെ ദൈവത്തിനു മുമ്പിൽ തുറന്നുകൊടുക്കുന്നത്. വേദന മാറിയില്ലെങ്കിലും നമ്മുടെ ഹൃദയം വിശാലമാകുന്നു. അവിടെ പ്രതികാരത്തിന് ഇടമില്ല, ക്ഷമയ്ക്ക് സ്ഥാനം ലഭിക്കുന്നു. അവസാനം സഹനം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ സത്യം ഇതാണ്: ജീവിതം ജയിക്കുന്നത് ശബ്ദകോലാഹലത്തിലൂടെയല്ല, നിശബ്ദ വിശ്വാസത്തിലൂടെയാണ്.

നോമ്പുകാലം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: സഹനം വേദനയുടെ അവസാനമല്ല, സഹനം സ്നേഹത്തിന്റെ ആഴമാണ്, സഹനം ഈശോയുടെ ഹൃദയത്തിൽ വിശ്രമിക്കുന്ന ആത്മാവിന്റെ അനുഭവമാണ്....

ദൈവികപുണ്യങ്ങളായ സ്നേഹവും വിശ്വാസവും പ്രത്യാശയും ജീവിതത്തിൽ ആഴപ്പെടണമെങ്കിൽ സഹനങ്ങളെ സ്വീകരിച്ചേ മതിയാകൂ. സഹനം ഇല്ലാതെ ക്രിസ്തീയജീവിതം പൂർണ്ണമാകുന്നില്ല. കാരണം, മിശിഹാതന്നെ നമ്മെ പഠിപ്പിച്ച വഴിയാണ് സഹനത്തിന്റെ വഴി. കുരിശ് ഏറ്റെടുത്ത് മുന്നേറിയ ഈശോയുടെ ജീവിതം, സഹനം പരാജയത്തിന്റെ അടയാളമല്ല, മറിച്ച് ദൈവസ്നേഹത്തിന്റെ ഏറ്റവും ശക്തമായ സാക്ഷ്യമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

വെറും സുഖസൗകര്യങ്ങളുടെയും നേട്ടങ്ങളുടെയും വഴിയിലൂടെയുള്ള ഒരു യാത്രയല്ല ക്രിസ്തീയജീവിതം. പലപ്പോഴും അത് പരീക്ഷണങ്ങളിലൂടെയും വേദനകളിലൂടെയും കടന്നുപോകുന്ന യാത്രയാണ്. കുടുംബജീവിതത്തിലെ ബുദ്ധിമുട്ടുകൾ, രോഗങ്ങൾ, സാമ്പത്തിക പ്രതിസന്ധികൾ, അപമാനങ്ങൾ, തെറ്റുധാരണകൾ  ഇവയൊക്കെയും മനുഷ്യനെ തളർത്തുന്ന അനുഭവങ്ങളാണ്. എന്നാൽ വിശ്വാസത്തിന്റെ കണ്ണുകളോടെ നോക്കുമ്പോൾ, ഈ അനുഭവങ്ങളെല്ലാം നമ്മെ വളർത്താൻ ദൈവം അനുവദിക്കുന്ന അവസരങ്ങളായി മാറുന്നു. സഹനം മനുഷ്യനെ ദുർബലനാക്കുന്നില്ല; മറിച്ച് ആത്മീയമായി ശക്തനാക്കുന്നു.

ഈശോയുടെ സഹനം ക്രിസ്തീയസഹനത്തിന്റെ ഏറ്റവും വലിയ മാതൃകയാണ്. കുറ്റമില്ലാത്തവനായിട്ടും അപമാനം സഹിക്കുകയും, വേദനകൾ ഏറ്റുവാങ്ങുകയും, അവസാനം ക്രൂശുമരണം വരെ സ്വീകരിക്കുകയും ചെയ്ത ഈശോ, പ്രതികാരമല്ല, ക്ഷമയാണ് ക്രിസ്തീയജീവിതത്തിന്റെ വഴി എന്നു പഠിപ്പിച്ചു. "പിതാവേ, ഇവരോടു ക്ഷമിക്കണമേ" എന്ന ഈശോയുടെ വാക്കുകൾ, സഹിക്കുന്ന ഹൃദയത്തിൽ സ്നേഹമുണ്ടെന്നു വ്യക്തമാക്കുന്നു.

ക്രിസ്തീയസഹനം നിശ്ചലമായ സഹനമല്ല; അത് സജീവമായ വിശ്വാസമാണ്. ദുഃഖങ്ങൾക്കിടയിലും ദൈവത്തിൽ വിശ്വസിച്ച് മുന്നോട്ടു പോകാനുള്ള ധൈര്യമാണ് സഹനം. കുരിശിനുശേഷം ഉയിർപ്പുണ്ടെന്ന ഉറച്ച വിശ്വാസമാണ് ക്രിസ്ത്യാനിയെ താങ്ങിനിർത്തുന്നത്. അതുകൊണ്ടാണ് സഹനത്തിലൂടെ കടന്നുപോകുന്ന ഓരോ ക്രിസ്ത്യാനിയും ലോകത്തിനു മുന്നിൽ പ്രത്യാശയുടെ സാക്ഷിയാകുന്നത്.

ഇന്നത്തെ ലോകത്ത് ക്ഷമയും സഹനവും ക്ഷീണത്തിന്റെ അടയാളമായി കണക്കാക്കപ്പെടുന്നുണ്ട്. എന്നാൽ ക്രിസ്തീയ കാഴ്ചപ്പാടിൽ സഹനം ആത്മബലത്തിന്റെ തെളിവാണ്. ഉടൻ പ്രതികരിക്കാതെ, ദ്വേഷത്തിനു പകരം സ്നേഹം തിരഞ്ഞെടുത്ത്, വേദനയ്ക്കിടയിലും നന്മ ചെയ്യാൻ ശ്രമിക്കുന്നതിലാണ് ക്രിസ്തീയമഹത്ത്വം കുടികൊള്ളുന്നത്.

അവസാനമായി, ക്രിസ്തീയജീവിതം സഹനത്തിലധിഷ്ഠിതമാണെന്നു പറയുമ്പോൾ, സഹനം മാത്രമാണ് ജീവിതം എന്നർത്ഥമല്ല. സഹനത്തിലൂടെ കടന്നുപോകുമ്പോൾ ദൈവസാന്നിധ്യം കൂടുതൽ ആഴത്തിൽ അനുഭവിക്കാൻ കഴിയുന്ന ജീവിതമാണ് ക്രിസ്തീയ ജീവിതം. സഹനം നമ്മെ ദൈവത്തോട് കൂടുതൽ അടുപ്പിക്കുന്നു, മനുഷ്യരോടുള്ള സ്നേഹം വർധിപ്പിക്കുന്നു, വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ മുന്നോട്ടു നയിക്കുന്നു. അതുകൊണ്ട്, സഹനം ക്രിസ്തീയജീവിതത്തിന്റെ ഭാരമല്ല; അതിന്റെ മഹിമയാണ്. സഹനം ബലഹീനതയല്ല; ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നവരുടെ ആത്മീയശക്തിയാണ്. ജീവിതവഴികളിലെ സഹനാനുഭവങ്ങൾ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിലെ വഴിവിളക്കുകളാണ്.

മാഗ്നിഫിക്കാത്ത്-2



# മർത്ത് മറിയം: രക്ഷകന്റെ അമ്മ

റവ. ഡോ. അനീഷ് ജേക്കബ് കിഴക്കേവീട്
ചങ്ങനാശ്ശേരി അതിരൂപത

**ക**ർത്താവായ ഈശോമിശിഹാ മനുഷ്യവംശത്തോടുള്ള അതീവസ്നേഹത്തെപ്രതി ഈ ഭൂമിയിൽ അതികഠിന പീഡ സഹിക്കുകയും, നിഷ്കളങ്കനായിരുന്നിട്ടും ഏറ്റവും വലിയ പാപിക്കു കിട്ടേണ്ട കുരിശു വഹിക്കുകയും അതിൽ മരിക്കുകയും ചെയ്ത കാര്യങ്ങൾ മനസ്സിൽ ധ്യാനിച്ച്, ആ രക്ഷാകര പ്രവൃത്തികളെ ഹൃദയത്തോടു ചേർത്തുവച്ച്, ഈശോയോടു താദാത്മ്യം പ്രാപിക്കുന്ന കാലമാണ് 'സൗമാ റമ്പാ' എന്ന വലിയ നോമ്പുകാലം. ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങളോടു ചേർന്നു നിൽക്കുക എന്നതാണ് ഓരോ ക്രിസ്ത്യാനിയുടെയും പരമപ്രധാനമായ ലക്ഷ്യം.

അങ്ങനെയെങ്കിൽ ഈശോയുടെ രക്ഷാകര പ്രവൃത്തികളോട് ഏറ്റവും ചേർന്നുനിന്നത് ആരാണ് എന്നു ചോദിച്ചാൽ നിസ്സംശയം നമുക്കു പറയാൻ കഴിയും: നമ്മുടെ കർത്താവായ ഈശോയുടെ അമ്മ - പരിശുദ്ധ കന്യകാമറിയം.

**രക്ഷയ്ക്കായുള്ള മംഗളവാർത്ത**

ദൈവം ഗബ്രിയേൽ മുഖ്യദൂതനിലൂടെ നൽകിയ രക്ഷയുടെ വചനം മറിയം കേട്ടതാണ് ഈ ലോകത്തിനു രക്ഷയ്ക്കു കാരണമായത്. മാർ അപ്രേം ഇതിനെ വളരെ മനോഹരമായി വിവരിക്കുന്നുണ്ട്. ആദിമാതാവായ ഹാവാ സർപ്പത്തിന്റെ വാക്കു കേട്ടപ്പോഴാണ് ഈ ലോക

ത്തിൽ നാശവും മരണവും കടന്നുവന്നത്. എന്നാൽ രണ്ടാം ഹാവായായ മറിയം ഗബ്രിയേൽ മാലാഖയിലൂടെ വന്ന ദൈവവചനം കേട്ടപ്പോൾ അതു ലോകത്തിന് രക്ഷയ്ക്കും ജീവനും കാരണമായി. മാർ അപ്രേം പറയുകയാണ്, "ആദിമാതാവായ ഹാവാ തന്റെ ചെവിയിലൂടെ മരണത്തെ ഗർഭം ധരിച്ചെങ്കിൽ, രണ്ടാം ഹാവായായ മറിയം തന്റെ ചെവിയിലൂടെ രക്ഷയെ ഗർഭം ധരിച്ചു".

മംഗളവാർത്ത തിരുനാൾ ആഗോളസഭ മാർച്ച് ഇരുപത്തിയഞ്ചിനാണല്ലോ ആഘോഷിക്കുന്നത്. ഈ ദിവസത്തിനു കൃത്യം ഒമ്പതു മാസത്തിനുശേഷമാണ് നാം ഈശോയുടെ യൽദാ (ജനന) തിരുനാൾ ഡിസംബർ 25-ാം തീയതി ആഘോഷിക്കുന്നത്. പൗരസ്ത്യ സുറിയാനി പാരമ്പര്യം പേറുന്ന സീറോ-മലബാർ സഭ ഈ തിരുനാൾ മാർച്ച് 25-ാം തീയതി ആഘോഷിക്കാൻ ആരംഭിച്ചത് 15-ാം നൂറ്റാണ്ടിനുശേഷമാണ്. ഇന്നു നാം ഈ തിരുനാൾ വിശേഷമായി ആഘോഷിക്കുന്നുണ്ടെങ്കിലും നമ്മുടെ ആരാധനക്രമവത്സരത്തിന്റെ ചൈതന്യം അനുസരിച്ച് മംഗളവാർത്ത നാം അനുസ്മരിക്കുന്നത് മംഗളവാർത്തക്കാലം രണ്ടാമത്തെ ഞായറാഴ്ചയാണ്. അന്നേദിവസമാണ് മാതാവിന്റെ മംഗളവാർത്തയുടെ വിവരണം സുവിശേഷവായനയിൽ നാം കേൾക്കുന്നത്.

**രക്ഷയുടെ അമ്മ**

'ആദത്തിനു ലഭിച്ച രക്ഷയുടെ അമ്മ' എന്ന് സുറിയാനി പിതാക്കന്മാർ പരിശുദ്ധ മറിയത്തെ വിശേഷിപ്പിക്കുന്നുണ്ട്. അമ്മയാണ് രക്ഷ നൽകിയത് എന്നല്ല ഇവിടെ അർത്ഥമാക്കുന്നത്. മറിച്ച്, ഈശോയാണ് രക്ഷ; രക്ഷയായ ഈശോയെ ഈ ലോകത്തിനു സമർപ്പിച്ചത് പരിശുദ്ധ അമ്മയാണ് എന്നതാണ് ഇതിന്റെ അർത്ഥം.

ഏഴാം നൂറ്റാണ്ടിൽ പൗരസ്ത്യ സുറിയാനി സഭയുടെ കാതോലിക്കോസ് (പാത്രിയർക്കീസ്) ആയിരുന്ന ഈശോയാബ് മൂന്നാമൻ ഇങ്ങനെ പറയുന്നുണ്ട്: "മറിയം ആദത്തിനു രക്ഷയുടെ മാർഗ്ഗം കാണിച്ചുകൊടുത്തു. ഹാവാ ആദത്തിനു മരണത്തിന്റെ വൃക്ഷം കാണിച്ചുകൊടുക്കുകയും ആ വൃക്ഷത്തിൽനിന്നു ഫലം കൊടുക്കുകയും ചെയ്തപ്പോൾ അവൻ അതു ഭക്ഷിച്ചു. എന്നാൽ മറിയം അവളിൽനിന്നു മുളച്ചുവന്ന ജീവന്റെ വൃക്ഷം അവന് (ആദത്തിന്- ഇവിടെ ആദം എന്ന് ഉദ്ദേശിക്കുന്നത് മനുഷ്യവംശത്തെയാണ്) കാണിച്ചു കൊടുത്തു. അവൾ അതിന്റെ ഫലം അവനു കൊടുക്കുകയും അത് അവനെ ജീവിപ്പിക്കുകയും ചെയ്തു".

ഇവിടെ 'ജീവന്റെ വൃക്ഷം' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് ഈശോയെയാണ്. ജീവന്റെ വൃക്ഷമായ ഈശോയാണ് നമുക്കു രക്ഷ നൽകുന്നത്. ജീവന്റെ, രക്ഷയുടെ വൃക്ഷമായ ഈശോയെ പരിശുദ്ധ മറിയമാണ് മുളപ്പിച്ചത് എന്നാണ് ഈശോയാബ് മൂന്നാമൻ പറയുന്നത്.

**ആദത്തിലൂടെ വന്ന ശാപത്തിന്റെ വിടുതൽ**

സർപ്പത്തിന്റെ വചനം കേട്ട് ഹാവാ ആദത്തെ പാപം ചെയ്യിച്ചപ്പോൾ വലിയ ശാപങ്ങൾ ഈ ലോകത്തിലേക്കു കടന്നുവന്നു എന്നു സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. എന്നാൽ ദൈവത്തിന്റെ വചനം കേട്ട് അത് അനുസരിച്ച രണ്ടാം ഹാവായായ മർത്ത് മറിയം വഴിയായി കടന്നുവന്ന രണ്ടാം ആദമായ ഈശോ ഈ ശാപങ്ങളെല്ലാം ഇല്ലാതാക്കി. സുറിയാനി പിതാവായ അഫ്രഹാത്ത് പറയുന്നു: "ഈശോ മറിയത്തിലൂടെ ജനിക്കുകയും അവന്റെ മനുഷ്യാവതാരം, മനുഷ്യകുലത്തിന് (ആദം വഴിയായി) ഉണ്ടായ എല്ലാ ശാപങ്ങളും ഇല്ലാതാക്കുകയും ചെയ്തു".

## ദൈവികഛായയുടെ പുനഃലബ്ധി

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവിടുന്നു മനുഷ്യനു നൽകിയ ഛായ (ഉൽപ 1,26) ആദത്തിന്റെ പാപത്താൽ നഷ്ടപ്പെട്ടു. എന്നാൽ മാതാവിലൂടെ മനുഷ്യാവതാരം ചെയ്ത ഈശോ, ആ ദൈവികഛായ മനുഷ്യനു തിരികെ നൽകി. പതിമൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട, 111-ാമത്തെ വർദാഗീതത്തിൽ ഇങ്ങനെ കാണുന്നു: "ഒരു സ്ത്രീ ദൈവത്തിന്റെ ഛായ നശിപ്പിച്ചു. എന്നാൽ കന്യാത്വത്തിന്റെ മകൻ, കന്യാംബികയുടെ മകൻ, ദൈവത്വം മനുഷ്യനു തിരികെ നൽകി, വിജയം പ്രാപിച്ചു".

## ദൈവികരക്ഷാപദ്ധതിയിലുള്ള പരിശുദ്ധ അമ്മയുടെ പങ്കുചേരൽ

"ഇതാ കർത്താവിന്റെ ദാസി" (ലൂക്കാ 1,38) എന്നു പറഞ്ഞതോടെ പരിശുദ്ധ അമ്മ ദൈവികരക്ഷാപദ്ധതിയിൽ സജീവമായി പങ്കുചേരാൻ തുടങ്ങി. എന്നാൽ പരിശുദ്ധ മറിയത്തെക്കുറിച്ചുള്ള ദൈവികപദ്ധതി അനാദിയിലേ ഉള്ളതാണ്. ഉൽപത്തി പുസ്തകം മൂന്നാം അദ്ധ്യായം പതിനഞ്ചാം വാക്യത്തിൽ ഇതു നമുക്കു കാണുവാൻ സാധിക്കും: "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും". പ്രഥമദൃഷ്ട്യാ ഈ വചനത്തിൽ കാണുന്ന സ്ത്രീ ഹാവായാണ്. എന്നാൽ ഹാവായുടെ മക്കളാരും സർപ്പത്തിന്റെ തല തകർക്കുന്നതായി നാം കാണുന്നില്ല. എന്നാൽ ഈശോയാണ് തന്റെ മരണോത്ഥാനങ്ങളാൽ സർപ്പത്തിന്റെ തല തകർത്തത്. അങ്ങനെയെങ്കിൽ ഉൽപ 3,15 ൽ പ്രതിപാദിക്കുന്ന സ്ത്രീ മറ്റാരുമല്ല; പരിശുദ്ധ കന്യകാമറിയമാണ്.

അതുകൊണ്ടാണ് സുവിശേഷത്തിൽ രണ്ടു പ്രാവശ്യം ഈശോ തന്റെ അമ്മയെ 'സ്ത്രീ' എന്ന് അഭിസംബോധന ചെയ്യുന്നത്. ഒന്ന്, കാനായിലെ കല്യാണവേളയിലും (യോഹ 2,4) രണ്ട്, കുരിശിൻ ചുവട്ടിലും (യോഹ 19,26). കാനായിലെ കല്യാണവേളയിലെ അത്ഭുതം (അടയാളം) എന്നത് ഈശോ സർപ്പത്തിന്റെ തല തകർക്കുവാൻ ആരംഭിക്കുന്ന ആദ്യസംഭവവും, കുരിശുമരണം എന്നത് സർപ്പത്തിന്റെ തല തകർത്ത സംഭവവുമാണ്. അതിപ്രധാനങ്ങളായ ഈ രണ്ട് അവസരങ്ങളിലും ഈശോ മാതാവിനെ 'സ്ത്രീ' എന്നു വിളിച്ചത് രക്ഷാകരപദ്ധതിയിൽ പങ്കുചേരുവാൻ ദൈവം അനാദിമുതലേ മറിയത്തെ തിരഞ്ഞെടുത്തതാണ് എന്നു വ്യക്തമാക്കാനാണ്.

ഒമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സുറിയാനി പിതാവായ മെർവിലെ ഈശോദാദ് പറയുന്നു: "ഹാവായിൽനിന്ന് ഉടലെടുത്ത തിന്മയെ ഇല്ലാതാക്കുന്ന പ്രക്രിയയിൽ ദൈവം മറിയത്തെ ഒരു മാധ്യമമായി തിരഞ്ഞെടുത്തു".

## പരിശുദ്ധ അമ്മ സഹരക്ഷകയോ?

അനാദിമുതലേ പരിശുദ്ധ അമ്മ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവളാണെന്നും അമ്മയ്ക്ക് ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങളോട് അവിഭാജ്യമായ ബന്ധമുണ്ടെന്നും തിരുസഭ പഠിപ്പിക്കുന്നു (SC 103). എന്നാൽ 2025 ഒക്ടോബർ മാസം സഭ പുറപ്പെടുവിച്ച Mater populi fidelis എന്ന പ്രബോധനത്തിൽ പരിശുദ്ധ മറിയത്തെ "സഹരക്ഷക" (Co-redemptrix) എന്നു വിശേഷിപ്പിക്കരുത് എന്നു കല്പിക്കുകയുണ്ടായി. എന്താണ് അതിനു കാരണം?

രക്ഷ പൂർണ്ണമായും വരുന്നത് സ്രഷ്ടാവിൽനിന്നാണ്, അതായത് ദൈവത്തിൽ നിന്നാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഈശോയാണ് ഏക രക്ഷകൻ, പൂർണ്ണരക്ഷകൻ. മാതാവ് രക്ഷക

യല്ല, മറിച്ച് രക്ഷിക്കപ്പെട്ടവളാണ്. "സഹരക്ഷക" എന്ന വാക്കുപയോഗിക്കുമ്പോൾ രക്ഷ ഈശോയിൽനിന്നു മാത്രമല്ല, മാതാവിൽനിന്നുകൂടി പുറപ്പെടുന്നു എന്ന ഒരു സംശയം ഉണ്ടാകാനുള്ള സാധ്യത വലുതാണ്. അതുകൊണ്ടാണ് "സഹരക്ഷക" എന്ന നാമം സഭ പ്രോത്സാഹിപ്പിക്കാത്തത്.

അങ്ങനെയെങ്കിൽ മാതാവിന് രക്ഷയുമായുള്ള ബന്ധം എന്താണ്? ദൈവത്തിന്റെ രക്ഷാകരപദ്ധതിയോടു സമ്മതം നൽകി (ലൂക്കാ 1,38) അതിൽ പൂർണ്ണമായും സജീവമായും (full and active participation) പങ്കുചേർന്നു എന്നതാണ് മാതാവു ചെയ്ത കാര്യം. സ്വതന്ത്രമനസ്സോടെയാണ് അമ്മ ദൈവികപദ്ധതിയിൽ പങ്കുചേർന്നത്.

പരിശുദ്ധ കന്യാമറിയത്തിന് രക്ഷാകരപദ്ധതിയിൽ മറ്റൊരു മനുഷ്യവ്യക്തിക്കും ഇല്ലാത്ത പങ്കുണ്ട്. അതുകൊണ്ടാണ് മറ്റൊരു വിശുദ്ധനോ വിശുദ്ധയ്ക്കോ കൊടുക്കുന്നതിനെക്കാൾ സ്ഥാനവും വണക്കവും സഭ അമ്മയ്ക്കു നൽകുന്നത്. ഈശോ കഴിഞ്ഞാൽ, മാലാഖാമാർക്കു മുകളിലുള്ള സ്ഥാനമാണ് പരിശുദ്ധ മറിയത്തിനുള്ളത് (LG 66).

### തിരുസഭയും പരിശുദ്ധ അമ്മയും രക്ഷാപദ്ധതിയിൽ

സഭയാകുന്ന നൗക പറുദീസായാകുന്ന തീരത്തിലേക്കു തീർത്ഥാടനം ചെയ്യുകയാണ്. ഈ തീർത്ഥാടനത്തിൽ സഭയുടെ വഴികാട്ടിയും മാതൃകയും പരിശുദ്ധ കന്യകാമറിയമാണ്. ഈ യാത്രയിൽ സഭാമക്കളെ സംരക്ഷിക്കുന്നത് പരിശുദ്ധ അമ്മയാണ് എന്ന് സുറിയാനി പിതാവായ നർസായി പറയുന്നു: "ഒരു നൗക എന്നപോലെ, മറിയം, സകല മനുഷ്യകുലത്തെയും അവളുടെ ഉദരത്തിൽ വഹിക്കുകയും സ്വർഗത്തിന്റെ തീരത്തിലേക്കു നയിക്കുകയും ചെയ്യുന്നു".

### ഉപസംഹാരം

ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഏറ്റവും സജീവമായി ചേർന്നുനിന്ന മനുഷ്യവ്യക്തിയാണ് പരിശുദ്ധ അമ്മ. ദൈവികപദ്ധതിയോട് പൂർണ്ണ സ്വാതന്ത്ര്യത്തോടെ സമ്മതം മൂളി, ഈശോയുടെ പെസഹാരഹസ്യങ്ങളോടു ചേർന്നുനിന്ന പരിശുദ്ധമറിയം നമുക്ക് എന്നും മാതൃകയും പ്രചോദനവും സംരക്ഷകയുമാണ്.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# ദൈവമക്കൾ അനാഥരല്ല; സനാഥരാണ്

**സി.സി. കുഞ്ഞുകൊച്ച്**
**ചീരംകുളം, ഇരവിനല്ലൂർ**

**ഇ**തൊരു കെട്ടുകഥയോ കേട്ടുകഥയോ അല്ല. ഒരു സംഭവകഥയാണ്. നെയ്യാർ ഡാമിനു മുകളിൽ അധികം പ്രായവ്യത്യാസമില്ലാത്ത മൂന്നുമക്കളുമായി ഒരു സ്ത്രീ നില്ക്കുന്നു. എന്തോ ദൃഢനിശ്ചയം ആ അമ്മയുടെ മുഖത്തു പ്രതിഫലിപ്പിക്കുന്നുണ്ട്. ജീവിതത്തിന്റെ പ്രതിസന്ധിയിൽ അതിജീവനമാർഗം കണ്ടെത്താൻ കഴിയാതെ നില്ക്കുകയാണ് മൂന്നു മക്കളുമായി ആ അമ്മ. അമ്മയുടെ അടുത്തു നില്ക്കുന്ന മകൻ ഐസ്ക്രീം കച്ചവടക്കാരനെ കണ്ട് വാവിട്ടുകരയുന്നുണ്ട്. കുട്ടിയുടെ കരച്ചിൽ കേട്ടു ശ്രദ്ധിച്ച ഐസ്ക്രീം കച്ചവടക്കാരൻ കൂട്ടത്തിൽ മൂത്തവനെ എടുത്തുയർത്തി ഡാമിലേക്ക് എറിയാൻ തുനിഞ്ഞ സ്ത്രീയുടെ അടുത്തേക്കു പാഞ്ഞെത്തി മുടിക്കു കുത്തിപ്പിടിച്ച് നിലത്തേക്ക് എറിഞ്ഞു. അങ്ങനെ ആ മഹാപാതകത്തിൽനിന്ന് അയാൾ സ്ത്രീയെ പിന്തിരിപ്പിച്ചു. ജീവിതം മുന്നോട്ടു നയിക്കാൻ യാതൊരു നിർവ്വാഹവുമില്ലാത്ത ആ കുടുംബത്തെ സഹായിക്കാനെത്തിയ ഏതാനും പൊതുപ്രവർത്തകർ കുട്ടികളെ മൂന്നു വ്യത്യസ്ത ബോർഡിങ് ഹോമിലേക്കു മാറ്റി. രണ്ടാമത്തെ കുട്ടി കൊല്ലത്തുള്ള അനാഥാലയത്തിൽ ആയിരുന്നു. അവൻ പത്താം ക്ലാസ്സിൽ ഉന്നതവിജയം നേടി. സന്മനസ്സുകൾ അവന്റെ പഠനത്തിൽ സഹായിച്ചു. ബി. എഡ്. പാസ്സായി. ആ കുട്ടി ഇന്ന് നെയ്യാർ ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകനാണ്.

നെയ്യാർ ഡാമിലെ കുതിച്ചൊഴുകുന്ന ജലപ്രവാഹത്തിൽ പ്രാണൻ വെടിയാൻ അനുവദിക്കാതിരുന്ന ദൈവം കൈപിടിച്ചുയർത്തിയ ആ അനാഥബാലൻ ഇന്ന് അധ്യാപകൻ മാത്രമല്ല;

സുപ്രസിദ്ധനായ കഥാകൃത്തുകൂടിയാണ്. പേര് കെ.എസ്. രതീഷ്! ഒരു അഭിമുഖത്തിൽ അദ്ദേഹംതന്നെ വെളിപ്പെടുത്തിയതാണ് ഈ അനുഭവം. ജീവിതം പ്രതിസന്ധിയിൽ ഇടിച്ചു നില്ക്കുമ്പോൾ അഭയം മരണമാണെന്നുള്ള ചിന്ത ദൈവികമല്ല. ദൈവം നമ്മോടു പറയുന്നു, "നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലതുകൈ പിടിച്ചിരിക്കുന്നു. ഞാനാണ് പറയുന്നത്; ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും" (ഏശയ്യാ 41,13).

കർത്താവിന്റെ കരം നമ്മുടെ കരത്തിൽ പിടിച്ചിട്ടുണ്ടെന്നുള്ള ബോധ്യമുണ്ടാകുകയും നമ്മൾ കർത്താവിന്റെ കരത്തിൽ മുറുകെ പിടിക്കുകയും ചെയ്താൽ ഏതു പ്രതിബന്ധത്തെയും പതറാതെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും സാധിക്കും. നെയ്യാർ ഡാമിന്റെ മുകളിൽ കണ്ട അമ്മയുടെയും മക്കളുടെയും ജീവിതത്തിൽ, വിശിഷ്യ, രതീഷിന്റെ ഉയർച്ചയിൽ താഴെ പറയുന്ന ദൈവവചനം അന്വർത്ഥമാണ്:

"ദരിദ്രനെ അവിടുന്നു ധൂളിയിൽനിന്ന് ഉയർത്തുന്നു. അഗതിയെ കുപ്പയിൽ സമുദ്ധരിക്കുന്നു. അങ്ങനെ അവരെ പ്രഭുക്കന്മാരോടൊപ്പം ഇരുത്തി, ഉന്നതസ്ഥാനങ്ങൾക്ക് അവകാശികളാക്കുന്നു!" (1 സാമു 2,8). വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിലൂടെ നിരവധി പ്രാവശ്യം ദൈവം ഓരോ വ്യക്തിയോടും പറയുന്നു, "ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്". ജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികളുടെ മുമ്പിൽ വിറളി പിടിച്ചോടേണ്ടതില്ല. ഹൃദയത്തിന്റെ ആഴങ്ങളിൽ നിരാശയെയും ആത്മഹത്യചിന്തയെയും മറികടക്കാനുള്ള കരുത്തുണ്ടാകും. അതു രൂപപ്പെടുന്നത് ദൈവവുമായുള്ള നിരന്തര ബന്ധത്തിലാണ്. നെയ്യാർ ഡാമിലേക്കു താൻ നൊന്തുപെറ്റ മക്കളെ വലിച്ചെറിയാൻ തയ്യാറായ ആ സാധുസ്ത്രീ ഹൃദയത്തിൽ അടിത്തട്ടിൽനിന്ന് 'എന്റെ ദൈവമേ' എന്ന വിളി ആത്മഗതമെന്നോണം മന്ത്രിച്ചിട്ടുണ്ടാവും. ആ വിളി ദൈവം കേട്ടു. അവരുടെയും മക്കളുടെയും രക്ഷയ്ക്കായി ഐസ്ക്രീം കച്ചവടക്കാരനെ ദൈവം നിയോഗിച്ചു. "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ 16,33).

നാം ദൈവത്തിന്റെ മക്കളാണ്. ദൈവം നമ്മെ എപ്പോഴും കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടെന്നുള്ള ബോധ്യം ഹൃദയത്തിൽ ഉളവായിരിക്കണം. സന്തോഷവും ദുഃഖവും മനുഷ്യജീവിതത്തിലെ സമ്മിശ്രവികാരങ്ങളാണ്. ഈ ലോകജീവിതം ശാശ്വതമല്ലല്ലോ? സ്വർഗ്ഗീയജീവിതമാണ് അനശ്വരം.

ഒരിക്കൽ അക്ബർ ചക്രവർത്തി സദസ്യരോട്, വലിയ സന്തോഷങ്ങളിലും വലിയ ദുഃഖങ്ങളിലും സമചിത്തത പാലിക്കാൻ പറ്റിയ മാർഗ്ഗം നിർദ്ദേശിക്കുവാൻ ആവശ്യപ്പെട്ടു. പണ്ഡിതനായ ബീർബൽ അദ്ദേഹത്തിന് ഒരു താളിയോല കൊടുത്തു. അതിൽ ഇപ്രകാരം എഴുതിയിരുന്നു - "ഇവയെല്ലാം കടന്നുപോകും".

സുഖവും ദുഃഖവും മാറിമറിഞ്ഞ്, പോവുകയും വരികയും ചെയ്യും. നമ്മുടെ ജീവിതം രൂപപ്പെടുത്തുന്നത് സ്രഷ്ടാവിന്റെ നിശ്ചയപ്രകാരമാണല്ലോ. രക്ഷകനായ മിശിഹായിൽ ദൃഢമായി വിശ്വസിച്ചാൽ ജീവിതത്തിലുണ്ടാകുന്ന ഏതു പ്രതിബന്ധങ്ങളെയും പതറാതെ തരണം ചെയ്യാൻ കഴിയും.

***"അനാഥന്റെ പ്രാർത്ഥനയോ വിധവയുടെ പരാതികളോ അവിടുന്ന് അവഗണിക്കുകയില്ല"***

**(പ്രഭാ 35,17)**

# പാലകൻ

അനിത ആത്രശ്ശേരിയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



താതനേ,യൗസേപ്പിതാവാമെൻ പാലകാ
സാദരം നന്ദിയോടോർക്കും നിൻ പാലനം.
നീതിമാനായവൻ   ഈശോതൻ പാലകാ
നീതിയിൽ ജീവിക്കാൻ മാദ്ധ്യസ്ഥ്യമേകണേ.

പാവനാത്മാവിൻ ദാനവരങ്ങളാൽ
ദീപ്തമാക്കേണമെൻ  ബുദ്ധിയും ശക്തിയും.
ദൈവനിയോഗങ്ങളേറ്റെടുത്തെന്നാളും
ദൈവത്തിൻ പ്രീതിയിൽ നീങ്ങാൻ തുണയ്ക്കു

പാപത്തിൻ പാഴ്ന്നുകമേശിടാതൂഴിയിൽ
പാവനപാതേ ചരിച്ചൊടുവിൽ ദ്യോവിൻ
പാരമവകാശ ഗേഹത്തിലെത്തിടാൻ
പാവനപാലകാ നീ തുണയേകണേ.

കന്യകാമേരിക്കും ദൈവകുമാരനും,
കാവലാളായി, കരുതലായി, കാത്തോരാ-
കൈകളാൽ കാക്കണേ, കാത്തു പാലിക്കണേ
സഭയാം കുടുംബത്തോടൊപ്പമെൻ  ജീവനും.

അധ്വാനമേറെ പ്രിയത്തോടെ ചെയ്ത നിൻ
മാതൃക  ഞങ്ങൾ അനുകരിച്ചെന്നാളും,
കഷ്ടതയേറുന്ന നേരത്തു നിൻ മനം
ചേർത്തണച്ചീടണേ  പ്രത്യാശയേകണേ.

തൊഴിലേതുമഭിമാനപൂർവ്വമനുഷ്ഠിക്കാൻ
തൊഴിലാളി മധ്യസ്ഥാ പ്രാർത്ഥന യാചിപ്പൂ
തൊഴിലില്ലാതുഴിയിൽ വലയും മനുജർക്ക്
താങ്ങായി തണലായി സാന്ത്വനമേകണേ.




# പാതി കഴിച്ച പഫ്സ്

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഉ**ച്ചകഴിഞ്ഞുള്ള ഇന്റർവൽ സമയം.

സ്റ്റാഫ്റൂമിൽ ഒരു പ്രത്യേക സന്തോഷനിമിഷം. ഒരു അധ്യാപിക തന്റെ അച്ഛൻ പഞ്ചായത്തു പ്രസിഡന്റായതിന്റെ സന്തോഷം സഹാധ്യാപകരോടൊപ്പം പങ്കുവെക്കുകയാണ്. ചിരികളും തമാശകളും കാപ്പിയുടെ സുഗന്ധവും ചൂടുള്ള പഫ്സിന്റെ രുചിയും സ്റ്റാഫ്റൂമിന് പുതുജീവൻ പകർന്നു നൽകി. എല്ലാം സന്തോഷത്തിന്റെ നിമിഷങ്ങൾ....

പക്ഷേ, പഫ്സ് പാതി കഴിച്ചപ്പോൾത്തന്നെ ക്ലാസിലേക്കുള്ള ബെൽ മുഴങ്ങി. അതിന്റെ പിന്നാലെ ഒരു ശബ്ദം... “ദേ... മാനേജർ വരുന്നു!”

ഒരു നിമിഷം മുമ്പ് ഉണ്ടായിരുന്ന ഉല്ലാസം ഒരു നിമിഷത്തിനുള്ളിൽ ഭയമായി മാറി. പാതി കഴിച്ച പഫ്സും പാതി കുടിച്ച കാപ്പിയും മേശപ്പുറത്ത് ഉപേക്ഷിച്ച് അധ്യാപകർ ദ്രുതഗതിയിൽ ക്ലാസുകളിലേക്ക് ഓടി. ചിലർ ഓടി ഒളിച്ചു!

സ്റ്റാഫ്റൂമിൽ ശേഷിച്ചത് ഒരു നിശബ്ദ സാക്ഷ്യംപോലെ പാതി കഴിച്ച പഫ്സ്!

പ്രിയ സുഹൃത്തേ, ഇത് വെറുമൊരു സംഭവമല്ല. ഇത് നമ്മുടെ ജീവിതത്തിന്റെ പ്രതിബിംബമാണ്. ഭയം നമ്മെ എത്ര പെട്ടെന്ന് മാറ്റിമറിക്കുന്നു! ഭയം വരുമ്പോൾ ഹൃദയമിടിപ്പ് വർദ്ധിക്കുന്നു. ചിന്തകൾ അസ്ഥിരമാകുന്നു. തീരുമാനങ്ങൾ ദുർബലമാകുന്നു. ശരീരംപോലും രോഗഗ്രസ്തമാകുന്നു.

ഇതു തന്നെയല്ലേ ശിഷ്യന്മാരുടെ ജീവിതത്തിലും സംഭവിച്ചത്? കൊടുങ്കാറ്റു വീശിയപ്പോൾ അവർ നിലവിളിച്ചു: “കർത്താവേ, ഞങ്ങൾ നശിക്കുന്നു!” (മത്താ 8,25). അപ്പോൾ ഈശോ കാറ്റിനെയും കടലിനെയും ശാസിച്ചു. മഹാസമുദ്രത്തിൽ മഹാസമാധാനം ഉണ്ടായി. പിന്നീട് അവൻ ചോദിച്ചു: “അല്പവിശ്വാസികളേ, നിങ്ങൾ എന്തിന് ഭയപ്പെടുന്നു?” (മത്താ 8,26).

ഈ ചോദ്യം ഈശോ ഇന്ന് നമ്മോടും ചോദിക്കുന്നു, ആരെയാണ് നിങ്ങൾ ഭയപ്പെടുന്നത്? രോഗത്തിന്റെ നടുവിൽ, സാമ്പത്തിക ബുദ്ധിമുട്ടുകളുടെ നടുവിൽ, കുടുംബപ്രശ്നങ്ങളുടെ നടുവിൽ, സഹനത്തിന്റെയും കുരിശിന്റെയും വഴികളിൽ നാം ആരിലാണ് ദൃഷ്ടി ഉറപ്പിക്കുന്നത്? ഈശോയിലേക്കോ...? അതോ ഭയത്തിലൂടെ നമ്മെ കീഴടക്കാൻ ശ്രമിക്കുന്ന പ്രലോഭകനിലേക്കോ....?

പൗലോസ്ശ്ലീഹാ പറയുന്നു: ''ഞാൻ ദുർബലനായിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്" (2 കൊറി 12,10). ഈശോയിലായിരിക്കുമ്പോൾ, അവനിലേക്കു ദൃഷ്ടി ഉറപ്പിക്കുമ്പോൾ, വേദനപോലും സാക്ഷ്യമായി മാറുന്നു. ജീവിതത്തിലെ സഹനങ്ങൾ പ്രത്യാശയുടെ അടയാളങ്ങളാകുന്നു.


ഈശോ വീണ്ടും പറയുന്നു: ''ഞാൻ നിങ്ങൾക്ക് സമാധാനം തരുന്നു; ലോകം തരുന്നതുപോലെ അല്ല" (യോഹ 14,27). ലോകത്തിന്റെ സമാധാനം സാഹചര്യങ്ങൾ മാറുമ്പോൾ തകരും. പക്ഷേ ഈശോ നൽകുന്ന സമാധാനം കൊടുങ്കാറ്റിന്റെ നടുവിലും നിലനിൽക്കും.

ഈ നോമ്പുകാലം ഒരിക്കൽക്കൂടി നമ്മെ ഓർമ്മിപ്പിക്കുകയാണ്, ഭയം ഉപേക്ഷിച്ച്, കുരിശിനെ ആലിംഗനം ചെയ്ത്, വിശ്വാസത്തിന്റെ സാക്ഷികളായി ജീവിക്കാൻ.

അവസാനമായി ഒരു ചിന്ത:

നമ്മുടെ ജീവിതവും പലപ്പോഴും പാതി കഴിച്ച പഫ്സുപോലെ ഭയത്തിൽ ഉപേക്ഷിക്കപ്പെടുന്നില്ലേ? പൂർണ്ണമായി ദൈവത്തിലേക്ക് ഏൽപ്പിക്കാതെ, സംശയങ്ങളിലും പേടികളിലും നിർത്തിവയ്ക്കുന്ന വിശ്വാസം....!

പാതിവഴിയിൽ ഉപേക്ഷിക്കുന്ന വിശ്വാസമല്ല, പൂർണ്ണമായി ഈശോയിലേക്കു സമർപ്പിച്ച ജീവിതമാണ് യഥാർത്ഥ ക്രിസ്തീയസാക്ഷ്യം. ഈ നോമ്പുകാലം നമ്മെ പ്രചോദിപ്പിക്കട്ടെ.... കൊടുങ്കാറ്റുകളുടെ നടുവിലും സമാധാനം അനുഭവിക്കുന്ന, കുരിശിന്റെ വഴിയിൽപോലും പ്രത്യാശ കൈവിടാത്ത, വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്ന ജീവിതമാകട്ടെ നമ്മുടേത്.



*നന്ദി.... നന്ദി.... നന്ദി....*

*ഉലകിൻ ഉയിരാം ഈശോ തൻ*
*ഉന്നത സ്നേഹിതാ - യൂദായേ*
*തവനാമത്തിലിവനേകും*
*നന്മകളതെല്ലാമോർത്തെന്നും*
*നവനാമത്തെ വണങ്ങിയിവൻ*
*നന്ദി ഉണർത്തുന്നാദരവാൽ.*

**എൻ. സി. ആന്റണി**



# യഹോയാക്കിം

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

യൂദാരാജാവായ ജോസിയായുടെ മകൻ യഹോവാഹാസ് മൂന്നുമാസം ജറുസലേമിൽ ഭരണം നടത്തി. അദ്ദേഹം തിന്മ പ്രവർത്തിച്ചതിനാൽ അവൻ ഭരണം നടത്താതിരിക്കാൻ ഫറവോ ആയ നെക്കോ ജോസിയായുടെ മകൻ ഏലിയാക്കിമിനെ രാജാവാക്കുകയും അവന്റെ പേര് യഹോയാക്കിം എന്ന് മാറ്റുകയും ചെയ്തു. റൂമായിലെ പെദായായുടെ പുത്രി സെബീദാ ആയിരുന്നു അവന്റെ അമ്മ. ഭരണം തുടങ്ങുമ്പോൾ അവന് ഇരുപത്തഞ്ചുവയസ്സായിരുന്നു. പതിനൊന്ന് വർഷം അവൻ ജറുസലേമിനെ ഭരിച്ചു. മൂന്നുവർഷം അവൻ ജറുസലേമിനെ നന്നായി ഭരിച്ചു; പിന്നീടു വിധം മാറി. യഹോയാക്കിം തന്റെ ജനത്തിൽനിന്ന് പിരിച്ചെടുത്ത വെള്ളിയും സ്വർണ്ണവും ഫറവോയ്ക്ക് കപ്പമായി കൊടുത്തു. അതിനുവേണ്ടി ഓരോരുത്തരിൽനിന്നും നിശ്ചിതതൂക്കം വെള്ളിയും സ്വർണ്ണവും പിടിച്ചെടുത്തു. വെറും പിരിവുകാരനായി അധഃപതിച്ച് യഹോയാക്കിം തന്റെതന്നെ വിലയും നിലയും മറന്ന് പ്രവർത്തിച്ചു. ദൈവമായ കർത്താവിന് അനിഷ്ടമായത് ചെയ്യുകയും ചെയ്തു. മൂന്നുവർഷം ബാബിലോൺ രാജാവായ നബുക്കദ്നേസറിന്റെ ആശ്രിതനായി കഴിഞ്ഞതിനുശേഷം യഹോയാക്കിം അവനോടു മത്സരിക്കാൻ തുടങ്ങി. നബുക്കദ്നേസർ അവനെതിരെ വന്ന് അവനെ ചങ്ങലകൾ കൊണ്ടു ബന്ധിച്ച് ബാബിലോണിലേക്കു കൊണ്ടുപോയി. യൂദായുടെ പാപം ഏറിയപ്പോൾ കർത്താവ് അതിനെ നശിപ്പിക്കാൻ കൽദായർ, സിറിയാക്കാർ, മൊവാബ്യർ, അമ്മോന്യർ എന്നിവരുടെ സേനകളെ യഹോയാക്കിമിനെതിരെ അയച്ചു. അവനെ കർത്താവിന്റെ മുമ്പിൽവച്ച് നീക്കം ചെയ്യേണ്ടതിന് അവിടുത്തെ കല്പനയനുസരിച്ച് സംഭവിച്ചതാണിത്. മനാസ്സെയുടെ പാപങ്ങൾക്കും, അവൻ ചൊരിഞ്ഞ നിഷ്കളങ്ക രക്തത്തിനും ശിക്ഷയായിത്തന്നെ. അവൻ നിഷ്കളങ്കരക്തംകൊണ്ട് ജറുസലേം നിറച്ചു. കർത്താവ് അത് ക്ഷമിക്കുകയില്ല (2 രാജാ 24,3-4). ജറെമിയാ പ്രവാചകന്റെ ദൈവികമുന്നറിയിപ്പുകളെയും താക്കീതുകളെയും അവൻ അവഗണിക്കുകയും അദ്ദേഹത്തെ വധിക്കാൻ ശ്രമം നടത്തുകയും ചെയ്തു.

യഹോയാക്കിമിനെക്കുറിച്ച് ജറെമിയാപ്രവാചകന്റെ ഗ്രന്ഥത്തിൽ കാണുന്നത് ഇപ്രകാരമാണ്: "അനീതിയുടെ മുകളിൽ കൊട്ടാരം പണിയുകയും അന്യായത്തിനു മുകളിൽ മട്ടുപ്പാവു നിർമ്മിക്കുകയും അയല്ക്കാരനെക്കൊണ്ട് ജോലി ചെയ്യിച്ചിട്ട് പ്രതിഫലം നല്കാതിരിക്കുകയും ചെയ്യുന്നവൻ ശപ്തൻ" (ജറെ 22,13).

യഹോയാക്കിം തന്റെ ഭരണകാലത്ത് കൊട്ടാരങ്ങൾ മോടിപിടിപ്പിക്കുകയും അവിടവിടെയായി വിജാതീയ ദേവന്മാരുടെ വിഗ്രഹങ്ങൾ സ്ഥാപിക്കുകയും ചെയ്തു. വിശാലമായ മുറികളുള്ള മാളികകൾ നിർമ്മിച്ച്, അതിന് ജാലകങ്ങൾ പിടിപ്പിച്ച്, ദേവദാരുകൊണ്ട് തട്ടിടുകയും ചായില്യംകൊണ്ട് ചായം പൂശുകയും ചെയ്തു. കൂടാതെ അവന്റെ കണ്ണും കരളും വഞ്ചനയിലൂടെ ലാഭമുണ്ടാക്കുന്നതിലും നിഷ്കളങ്കരക്തം ചിന്തുന്നതിലും മർദ്ദനവും അക്രമവും അഴിച്ചുവിടുന്നതിലുംമാത്രം വ്യാപരിച്ചിരുന്നു.

അതുകൊണ്ട് ജോസിയായുടെ മകനും യൂദാരാജാവുമായ യഹോയാക്കിമിനെക്കുറിച്ച് കർത്താവ് അരുളിച്ചെയ്യുന്നു: "ഹാ! എന്റെ സഹോദരാ, ഹാ! എന്റെ സഹോദരീ, എന്നു പറഞ്ഞ് ആരും അവനെച്ചൊല്ലി കരയുകയില്ല; ഹാ! എന്റെ യജമാനനേ, ഹാ! എന്റെ പ്രഭോ എന്നു പറഞ്ഞ് അവനെയോർത്തു വിലപിക്കുകയുമില്ല. കഴുതയെപ്പോലെയായിരിക്കും അവനെ സംസ്കരിക്കുക. അവൻ ജറുസലേം കവാടത്തിന് പുറത്തേക്കു വലിച്ചെറിയപ്പെടും" (ജറെ 22,18-19).

ജോസിയായുടെ പുത്രനും യൂദാരാജാവുമായ യഹോയാക്കിമിന്റെ വാഴ്ചയുടെ നാലാം വർഷം കർത്താവ് ജറെമിയാ പ്രവാചകനോട് യൂദായെയും സകലജനങ്ങളെയും സംബന്ധിച്ച കാര്യങ്ങൾ ഒരു പുസ്തകച്ചുരുളിൽ എഴുതുവാൻ കല്പിച്ചു. അതനുസരിച്ച് നേരിയായുടെ പുത്രനായ ബാറൂക്കിനെ വിളിച്ച് കർത്താവ് തന്നോടു കല്പിച്ചവ പ്രവാചകൻ ഒരു ചുരുളിൽ എഴുതിവയ്പിച്ചു. ജറെമിയാ പ്രവാചകനെ കർത്താവിന്റെ ആലയത്തിൽ പോകുന്നതിൽനിന്നും തടഞ്ഞതിനാൽ ഉപവാസദിനത്തിൽ എല്ലാ ജനങ്ങളും കേൾക്കേ കർത്താവിന്റെ വചനം വായിക്കാൻ ബാറൂക്കിനെ പ്രവാചകൻ ചുമതലപ്പെടുത്തി. അതുമൂലം ജനങ്ങൾ തങ്ങളുടെ യാചനകൾ കർത്താവിന്റെ മുമ്പിൽ സമർപ്പിക്കുന്നതിനും ഓരോരുത്തരും തങ്ങളുടെ ദുർമാർഗ്ഗങ്ങളിൽനിന്ന് പിന്തിരിയുന്നതിനും കാരണമായേക്കാം. എന്തെന്നാൽ കർത്താവ് അവരുടെമേൽ വരുത്തുന്ന ക്രോധം വലുതാണ്. പ്രവാചകന്റെ കല്പനയനുസരിച്ച് നേരിയായുടെ പുത്രൻ ബാറൂക്ക് ചുരുളിൽനിന്ന് കർത്താവിന്റെ വചനം ദൈവാലയത്തിൽവച്ച് വായിച്ചു. ദൈവാലയത്തിലെ കാര്യവിചാരകനായ ഷാഫാന്റെ മകൻ ഗമാറിയ ഈ വാർത്ത പ്രഭുക്കന്മാരെ അറിയിച്ചു. അവർ വഴി അത് യഹോയാക്കിമിന്റെ ചെവികളിലുമെത്തി. ആ ചുരുൾ വീണ്ടും പ്രഭുക്കന്മാരുടെ മുമ്പിൽ വായിക്കാൻ രാജാവ് കല്പിച്ചു. അതനുസരിച്ച് യഹൂദി രാജസന്നിധിയിൽവച്ച് അവ വീണ്ടും വായിച്ചു. ശീതകാലമായിരുന്നതിനാൽ രാജാവ് നെരിപ്പോടിന്റെ മുമ്പിൽ ഇരിക്കുകയായിരുന്നു. യഹൂദി ഓരോ ഭാഗവും വായിച്ചുകഴിയുമ്പോൾ രാജാവ് അത് കത്തികൊണ്ട് മുറിച്ചെടുത്ത് നെരിപ്പോടിലെ തീയിലിടും. ചുരുൾ തീരുന്നതുവരെ അവൻ അതു തുടർന്നു. എന്നുമാത്രമല്ല; അവ ശ്രവിച്ച രാജാവോ രാജസേവകരോ ദൈവത്തെ ഭയപ്പെടുകയോ, വസ്ത്രം കീറുകയോ, മാനസാന്തരപ്പെടുകയോ ചെയ്തില്ല. കാര്യവിചാരിപ്പുകാരനായ എൽനാഥാനും ദലായായും ഗമാറിയായും അതു കത്തിച്ചു കളയരുതെന്ന് കേണപേക്ഷിച്ചെങ്കിലും അവൻ അതു വകവച്ചില്ല. കൂടാതെ ജറെമിയാ പ്രവാചകനെയും ബാറൂക്കിനെയും ബന്ധിക്കുവാൻ തന്റെ പുത്രനായ യറഹ്മേലിനോടും രാജസേവകരോടും കല്പിച്ചു. എന്നാൽ കർത്താവ് അവരെ ഒളിപ്പിച്ചു. കത്തിച്ച ചുരുളിൽ എഴുതിയതെല്ലാം വീണ്ടും മറ്റൊരു ചുരുളിലേക്ക് എഴുതുവാൻ ജറെമിയാ പ്രവാചകനോട് കർത്താവ് കല്പിച്ചു. പ്രവാചകൻവഴി യഹോയാക്കിമിനെക്കുറിച്ച് ദൈവം അരു

ളിച്ചെയ്തു: "അവന്റെ സന്തതികളിലാരും ദാവീദിന്റെ സിംഹാസനത്തിലിരിക്കുകയില്ല. അവന്റെ മൃതശരീരം പകലത്തെ വെയിലും രാത്രിയിലെ മഞ്ഞും ഏറ്റ് വെളിയിൽ കിടക്കും. ഞാൻ അവനെയും അവന്റെ സന്താനങ്ങളെയും ദാസന്മാരെയും അവരുടെ അകൃത്യം നിമിത്തം ശിക്ഷിക്കും" (ജറെ 30-31).

ദാവീദുഭവനത്തിലെ ഏറ്റവും അവസാനത്തെ ക്രൂരനും സുഖലോലുപനുമായ രാജാവായിരുന്നു യഹോയാക്കിം. ഏറ്റവും പരിതാപകരമായ മരണമായിരുന്നു അവന്റേത്. പിതാക്കന്മാർക്കു യോജിച്ച വിലാപം അവന് നല്കപ്പെട്ടില്ല. പ്രവാസത്തിന്റെ വഴിമധ്യേ കേവലം മുപ്പത്താറാമത്തെ വയസ്സിൽ അവൻ തള്ളപ്പെട്ടവനായി ഇഹലോകം വിട്ടു. പ്രവാചകവചനം പോലെ, ജറുസലേമിന്റെ പടിവാതിലുകൾക്കു പുറത്ത് അവന്റെ ശരീരം വലിച്ചെറിഞ്ഞു കളഞ്ഞു. ഒരു കഴുതയെ കുഴിച്ചിടുന്നതുപോലെ അവനെ കുഴിച്ചിട്ടു (ജറെ 22,19). അവന്റെ കാലശേഷം മകൻ യഹോയാഖീൻ ഭരണം ഏറ്റെടുത്തു.

**യഹോയാക്കിമിന്റെ ജീവിതത്തിൽനിന്ന് പഠിക്കാം:**

***ദൈവത്തോടു ചേർന്നുനിന്നാൽ ദൈവം നമ്മോടും ചേർന്നുനിൽക്കും. മറിച്ചായാൽ ജീവിതം ദുരിതപൂർണ്ണമാകും.***

***ദൈവവചനത്തെ നശിപ്പിക്കാൻ ആർക്കും ഒരിക്കലും സാധ്യമല്ല.***

***ജീവിതത്തിലെ തെറ്റുകൾ തിരുത്തുവാൻ തയ്യാറായില്ലെങ്കിൽ ദൈവസന്നിധിയിൽനിന്ന് തള്ളപ്പെടും.***

***ദൈവത്തെ സ്നേഹിക്കുന്നവരെ ദുരിതത്തിൽനിന്നും ശത്രുക്കളിൽനിന്നും ദൈവം മറച്ചു സൂക്ഷിക്കും.***

*** തലമുറകൾക്ക് നന്മ കൈമാറ്റം ചെയ്യുവാൻ ശീലിക്കുക.***


## ദൈവദാസൻ വില്യം ജക്വീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192

# സെനക്കിൾ തരംഗം

## സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ നോമ്പുകാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. മനുഷ്യഹൃദയത്തിൽനിന്ന് പാപത്തെ വേരോടെ ഉന്മൂലനം ചെയ്ത് ദൈവജനത്തെ മാനസാന്തരത്തിലേക്കും ഹൃദയവിശുദ്ധിയിലേക്കും ആനയിക്കുവാനുള്ള അവസരമാണ് നോമ്പുകാലം. ഈശോയുടെ നാല്പതുദിവസത്തെ ഉപവാസവും പ്രാർത്ഥനയുമാണ് വലിയ നോമ്പിന്റെ അടിസ്ഥാനം. നോമ്പിന്റെ അന്തർധാര ജീവിതനവീകരണമാണ്. മിശിഹായോട് അനുരൂപപ്പെടാനും സഹോദരങ്ങളോട് അനുരഞ്ജനപ്പെടാനും ആത്മാവിൽ ശക്തിപ്പെടാനുമുള്ള അവസരമായി അജപാലകർ നോമ്പുകാലത്തെ അവതരിപ്പിക്കണം. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ആത്മനിഗ്രഹത്തിലൂടെയും വിശുദ്ധിയിൽ വളരുവാൻ അജപാലകർ അജഗണങ്ങളെ സഹായിക്കണം. ഇപ്രകാരം അജപാലനശുശ്രൂഷ ചെയ്യുവാൻ ഈ നോമ്പുകാലത്ത് നമുക്കു പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2026 ജനുവരി 13-14 തീയതികളിലും ഫെബ്രുവരി 17-18 തീയതികളിലും ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലുള്ള അപ്പസ്തോലിക് സൊദാലസ് വൈദികരുടെ പ്രതിമാസ സമ്മേളനം കോട്ടയം മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ച് നടക്കുകയുണ്ടായി. സെനക്കിൾ സ്നേഹിതരായ വൈദികരും ഇപ്രാവശ്യം സെനക്കിൾ വൈദികരോടൊപ്പം ഉണ്ടായിരുന്നു. വൈദികരുടെ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നിർദ്ദേശങ്ങളായിരുന്നു ഈ സെനക്കിൾ സമ്മേളനങ്ങളിലെ ധ്യാനവിഷയം. ഈ സമ്മേളനത്തിൽ കടന്നുവന്ന വൈദികരെല്ലാം ധ്യാനത്തിലും പ്രാർത്ഥനയിലും പങ്കുവയ്ക്കലുകളിലും സജീവമായി പങ്കുചേർന്നു.



# കാലൊന്ന് മാറ്റിച്ചവിട്ടിയാലോ...

**ഫിലോ കുറ്റിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സമയം ഉച്ചകഴിഞ്ഞ് രണ്ടുമണി. ഓട്ടോറിക്ഷാ സൗകര്യപ്രദമായ ഒരു സ്ഥലത്തേക്ക് ഒതുക്കിയിട്ടിട്ട് ഡ്രൈവർ ഭക്ഷണം കഴിക്കാനായി പൊതി കയ്യിലെടുത്തു. അപ്പോൾ ഒരു ഫോൺ കോൾ. ആരായിരിക്കും എന്നു ചിന്തിച്ച് അയാൾ ഫോൺ എടുത്തു. പ്രായമായ ഒരു മനുഷ്യൻ ഹോസ്പിറ്റൽ വരെ പോകണം എന്നാവശ്യപ്പെട്ടു വിളിക്കുന്നു. എടുത്ത പൊതി തിരിച്ചുവച്ച് ഡ്രൈവർ വീണ്ടും ഓട്ടം തുടങ്ങി. അയാളെ ഹോസ്പിറ്റലിൽ എത്തിച്ചു. പറ്റുന്ന സഹായങ്ങളൊക്കെ ചെയ്തുകൊടുത്തു. ഓട്ടോറിക്ഷായുമായി അയാൾ മടങ്ങി. തിരിച്ചെത്തിയപ്പോൾ സമയം നാലുമണിയായി. സ്വസ്ഥമായ ഒരു സ്ഥലത്തു വണ്ടി നിർത്തി അയാൾ പൊതി വീണ്ടും കൈയിലെടുത്തു. നല്ല വിശപ്പ്. അല്പം വെള്ളം കുടിച്ച് ദാഹം ശമിപ്പിച്ചശേഷം പൊതി അഴിച്ച് കഴിക്കാനായി ഇരുന്നു. അപ്പോഴാണ് അല്പം അകലെയായി ഒരു മനുഷ്യൻ വഴിയിൽ വീണു കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടത്. ഉടനെ പൊതി അവിടെവച്ച് അയാൾ ആ മനുഷ്യന്റെ അടുത്തെത്തി തട്ടിവിളിച്ചു. ഭക്ഷണവും വെള്ളവും കിട്ടാതെ അയാൾ വളരെ ക്ഷീണിച്ചിരിക്കുന്നു. ഓട്ടോറിക്ഷാക്കാരൻ ചോദിച്ചു. വല്ലതും കഴിച്ചോ? സംസാരിക്കാൻപോലും കഴിയാത്ത അയാൾ ഇല്ലെന്ന് ആംഗ്യം കാണിച്ചു. പെട്ടെന്ന് തന്റെ പൊതി എടുത്ത് അയാളുടെ മുമ്പിൽ തുറന്നു വച്ചു. അയാൾ ആർത്തിയോടെ കഴിക്കുന്നതുകണ്ട് തന്റെ വിശപ്പെല്ലാം മറന്ന് ഡ്രൈവർ അയാളെ തന്നെ നോക്കിയിരുന്നു.

ഈ സംഭവത്തെക്കുറിച്ചറിഞ്ഞപ്പോൾ എന്റെ മനസ്സിലൂടെ പല ചിന്തകൾ കടന്നുപോയി. യഥാർത്ഥത്തിൽ ഇതല്ലേ നോമ്പിന്റെ ചൈതന്യം! സഹോദരന്റെ ആവശ്യങ്ങൾ അറിഞ്ഞു സഹായിക്കാനും അവന്റെ വിശപ്പു മനസ്സിലാക്കി സ്വന്തം വിശപ്പു മറന്ന് അവനെ ഊട്ടാനും സാധിച്ചാൽ അതെത്ര വലിയ പുണ്യപ്രവൃത്തിയാണ്. 2025 ലെ ഓട്ടം പൂർത്തിയാക്കി, 2026 ൽ കയറി നാം വീണ്ടും ഓടുകയാണ്. ഈ ഓട്ടത്തിൽ നാം നമ്മെ മാത്രമേ കാണുന്നുള്ളോ? അതോ അപരനെ  കാണാൻ സാധിക്കുന്നുണ്ടോ? നാം ഓടിക്കൊണ്ടിരിക്കുന്ന ട്രാക്കൊന്നു മാറി ചവിട്ടാൻ നാം തയ്യാറാണോ? നമുക്കു പലപ്പോഴും ധൈര്യമില്ല. എന്നും എപ്പോഴും പോകുന്ന വഴിയിൽനിന്നും ഒന്നു മാറി ഓടാൻ നമുക്കു ഭയമാണ്. ഈശോയെ പ്രഘോഷിക്കാൻ ഭയമാണ്. എന്തിനേറെ ക്രൈസ്തവരാണെന്നു പറയാൻപോലും നാം ഭയപ്പെടുന്നു. എത്ര നോമ്പെടുത്താലും എത്ര നോമ്പുകാലം കഴിഞ്ഞുപോയാലും നാം പഴയതുപോലെ തന്നെ! വർഷങ്ങൾക്കുമുമ്പ് ദിനപത്രത്തിൽ വന്ന ഒരു വാർത്ത ഓർത്തുപോകുകയാണ്. ഒരു പശു റെയിൽവേ ട്രാക്കിലൂടെത്തന്നെ ഓടിക്കൊണ്ടിരുന്നു. ട്രെയിൻ വരുന്നുണ്ട് എന്നു ശബ്ദം കൊണ്ട് തിരിച്ചറിഞ്ഞെങ്കിലും ട്രാക്ക് മാറ്റി ചവിട്ടിയാലേ തനിക്കു രക്ഷയുള്ളൂ എന്നു മനസ്സിലാക്കാൻ അതിനു കഴിഞ്ഞില്ല. അവസാനം അത് അപകടത്തിൽ പെട്ടു.

മനുഷ്യരായ നാമും പലപ്പോഴും ഒരേ ട്രാക്കിലൂടെ ഓടുന്നവരാണ്. ഒന്നുമാറാൻ നാം തയ്യാറല്ല. മൃഗത്തിന് വിശേഷബുദ്ധിയോ വിവേചനാശക്തിയോ ഇല്ല. നാം അങ്ങനെയല്ലല്ലോ. വിശേഷബുദ്ധിയും വിവേചനാശക്തിയുമൊക്കെ അപകടത്തെ തിരിച്ചറിയാൻ നമ്മെ സഹായിക്കണം. ഈ നോമ്പുകാലത്തെങ്കിലും അനുദിനജീവിതത്തിലെ തിരക്കിൽനിന്നും അല്പം മാറി ജീവിതം എങ്ങോട്ടാണ് നീങ്ങുന്നത് എന്നു ചിന്തിക്കുവാനും ആവശ്യമായ മാറ്റങ്ങൾ വരുത്തി മുന്നോട്ടു പോകുവാനും നമുക്കു ധൈര്യമുണ്ടാകണം. അല്ലെങ്കിൽ വചനത്തിൽ പറയുന്നതുപോലെ നമ്മെനോക്കി അവിടുന്നു പറയും - നീ ചൂടോ തണുപ്പോ ഇല്ലാത്തവനാണ്. അതിനാൽ നിന്നെ എന്റെ വായിൽനിന്നും തുപ്പിക്കളയും.

ഇതു കേൾക്കാൻ നമുക്കാർക്കും ഇടവരാതിരിക്കട്ടെ. പരിശുദ്ധ അമ്മയോടു ചേർന്ന് ഈ നോമ്പുകാലം നമുക്കും ജീവിക്കാം. അമ്മ നമ്മെ ശരിയായ ട്രാക്കിലൂടെ നയിക്കും. നോമ്പുകാലത്ത് വർജ്ജിക്കേണ്ടതെല്ലാം മാറ്റിവയ്ക്കുന്നതോടൊപ്പം അപരനിലേക്കു കരം നീട്ടാനും നമുക്കു സാധിക്കട്ടെ!

***കുരിശ് സ്നേഹത്തിന്റെ ഒരു ഗീതമാണ്:***

***പിതാവിന്റെ നേർക്കുള്ള***
***ഈശോയുടെ സ്നേഹത്തിന്റെ ഗീതം;***

***നമ്മുടെ നേർക്കുള്ള***
***ഈശോയുടെ സ്നേഹത്തിന്റെ ഗീതം;***

***അതോടൊപ്പം പിതാവിന്***
***ഈശോയോടുള്ള സ്നേഹത്തിന്റെ ഗീതം***

**ദൈവദാസൻ വില്യം ജകീന്താ**



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

**ലിയാ ഓലിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



**ഒന്നാം ദിവ്യരഹസ്യം**: തനിക്കു ലഭിച്ച ദൈവകൃപയെ ക്കുറിച്ചുള്ള ബോധ്യം ഉണ്ടായിരുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ അമ്മേ, അങ്ങയെപ്പോലെ ലാളിത്യത്തോടും വിശ്വസ്തതയോടും സന്തോഷത്തോടുംകൂടി ദൈവം ഞങ്ങൾക്കു നല്കുന്ന ദാനങ്ങളെ സ്വീകരിക്കുവാനുള്ള കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**രണ്ടാം ദിവ്യരഹസ്യം**: എളിമയുടെ മാതൃക കാണിച്ചുതന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, ദാസന്റെ രൂപം സ്വീകരിച്ച് ശിഷ്യരുടെ പാദങ്ങൾ കഴുകിക്കൊണ്ട് എളിമയുടെ മാതൃക കാട്ടിയ നിന്റെ തിരുക്കുമാരനെപോലെ, എല്ലാവരെയും വലിയവരായി കാണുവാനും അവർക്കു ശുശ്രൂഷ ചെയ്യുവാനുമുള്ള കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, ജീവിതത്തിൽ ഹൃദയം മുറിയപ്പെടുന്ന അനുഭവങ്ങൾ ഉണ്ടാകുമ്പോൾ, താഴ്ത്തിക്കെട്ടുന്ന അനുഭവങ്ങൾ ഉണ്ടാകുമ്പോൾ സമചിത്തതയോടെ, ശാന്തതയോടെ അവയെ നേരിടുവാനുള്ള കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: ദൈവേഷ്ടത്തിന് വിധേയപ്പെടുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, ഇഷ്ടപ്പെടുന്നത് നഷ്ടപ്പെടുമ്പോഴും സ്വന്തമെന്നു കരുതിയത് ഇല്ലാതാകുമ്പോഴും പ്രതീക്ഷിക്കാത്ത അനുഭവങ്ങൾ ജീവിതത്തിൽ ഉണ്ടാകുമ്പോഴും എല്ലാം നന്മയ്ക്കായി ദൈവം ക്രമീകരിക്കുന്നു എന്ന മനോഭാവത്തോടെ സ്വീകരിക്കാൻ വേണ്ട കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: സ്നേഹത്തിന്റെ ഉറവിടമായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, കഠിനമായ പീഡകളിലൂടെ കടന്നുപോയ അങ്ങേ തിരുക്കുമാരനെ മുന്നിൽ കണ്ടുകൊണ്ട് ഞങ്ങളുടെ സഹോദരങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുവാനും, ഒരു വാക്കു കൊണ്ടുപോലും ആരെയും വേദനിപ്പിക്കാതിരിക്കുവാനുമുള്ള കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



നാഥാ, ഗദ്സമേനിയിലെ
അങ്ങയുടെ പ്രാർത്ഥനയിൽ
ഞാനും ഉൾച്ചേരുന്നു.
അന്നത്തെ നിന്റെ പ്രാർത്ഥന
– എനിക്കു മനസ്സിലാക്കാൻ
ബുദ്ധിമുട്ടേറിയതെങ്കിലും –
എന്റെ ഭാവനയിൽ ഞാൻ
കാണുകയാണ്.
ഹൃദയം നുറുങ്ങിയാണ്
അങ്ങ് പിതാവിങ്കലേക്ക്
പ്രാർത്ഥന ഉയർത്തുന്നത്.
“പിതാവേ അങ്ങേക്ക് ഇഷ്ടമെങ്കിൽ
ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ.
എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ”
എന്ന അങ്ങയുടെ സ്വരം എന്റെ കാതുകളിൽ മുഴങ്ങുന്നു.
ഈശോയേ, തീവ്രവേദനയുടെ ആധിക്യത്തിലും,
തീക്ഷ്ണതയോടെയുള്ള അങ്ങയുടെ പ്രാർത്ഥനയിൽ
വിയർപ്പുതുള്ളികൾ രക്തതുള്ളികളായി മാറി.
മാനുഷികതയെ ദൈവികതയിലേക്ക്
ഉയർത്തുവാനുള്ള മാനസിക സംഘർഷം....
അവിടെ പിതാവിന്റെ ഹിതം
അങ്ങ് സ്വന്തം ഹിതമായി സ്വീകരിച്ചു.
നാഥാ, എന്റെ ജീവിതവഴികളിലും പിതാവിന്റെ ഹിതം
അനുവർത്തിക്കണമെങ്കിൽ
എനിക്കു ദൈവികശക്തി കൂടിയേ തീരൂ.
ഓരോ ദിവസവും അങ്ങയുടെ സന്നിധിയിലേക്കു കടന്നുവന്ന്
എന്റെ മാനുഷികതയെ ദൈവികതയിലേക്ക് ഉയർത്താൻ,
ദൈവാത്മാവിനാൽ ശക്തി പ്രാപിക്കാൻ, നാഥാ,
എന്നെയും അനുഗ്രഹിക്കേണമേ. ആമേൻ.

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
March 2026

“വരുവിൻ, സോദരരേ, നിങ്ങൾ
ഉപവാസത്താൽ ഹൃദയതലം
സമലംകൃതമായ്ത്തീർത്തിടുവിൻ.
അധമവികാരമകറ്റീടാം
ജീവിതനിഷ്ഠ പുലർത്തീടാം
ആധ്യാത്മികമാം ചിന്തകളാൽ
മനതാർ നിർമലമാക്കീടാം.
നമ്മുടെ ഗാത്രവുമാത്മാവും
പാവനമായിത്തീരുമ്പോൾ
നാഥൻ പ്രീതി ചൊരിഞ്ഞീടും
നമ്മിൽ വരനിര വർഷിക്കും”.

ഓനീസാ ദ്‌ലെലിയാ,
നോമ്പുകാലം, മൂന്നാം ശനി

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal